CHURCH WEEKLY

December 2020

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 74
Issue 12
December 2020

Sri K.C. Chacko
Founder of the Church Weekly
(1946)



An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

74th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India
Single Issue	₹ 10.00
Annual	₹ 100.00
10 years	₹ 900.00
Life (Patron)	₹ 10000.00

	Outside India	
Annual	₹ 600.00	or 10 USD
10 years	₹ 6000.00	or 100 USD
Life (Patron)	₹ 60000.00	or 1000 USD

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്‌വചനം



സർവ്വജനത്തിന്നും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം
ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു.
കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു
ഇന്നു ദാവീദിന്റെ പട്ടണത്തിൽ
നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.
വി. ലൂക്കോസ് 2:10 – 11



ഈ ലക്കത്തിൽ

70 years ago

M.E. Mathew

താഴ്മയും സമാധാനവും

Church Weekly
December 31, 1950

ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കപ്പുറമുള്ള ശീതമേറിയ ഒരു രാത്രിയിൽ ബേത്‌ലഹേമിലെ ഒരു പുൽക്കൂട്ടിൽ താഴ്മയുടെയും സമാധാനത്തിന്റെയും മൂർത്തീകരണമായി ഒരു ദിവ്യശിശു ജാതനായി. ആ നിമിഷം മുതൽ പ്രസരിച്ചു തുടങ്ങിയ സമാധാനത്തിന്റെ സ്പന്ദനങ്ങൾ ലോകത്തിലെല്ലായിടവും വ്യാപിച്ചും വ്യാപരിച്ചും കൊണ്ടിരിക്കുന്നു. അന്ന് ആ സമാധാന സ്പന്ദനങ്ങൾ ബേത്‌ലഹേമിന്റെ പ്രകൃതിരാമണീയകതയ്ക്കും ശാന്തതയ്ക്കും മാറ്റു കൂട്ടി. നീരന്ധ്രനീലമായ ആകാശത്തിൽ നക്ഷത്രങ്ങൾ പുഞ്ചിരി തൂകിക്കൊണ്ട് മൗനമായി നിലകൊണ്ടു; എന്നാൽ ഉജ്ജ്വലശോഭയോടുകൂടിയ ഒരു പുതിയ നക്ഷത്രം മാത്രം ഏതോ ഒരു മഹൽലക്ഷ്യം ലാക്കാക്കി മന്ദമായി യാത്ര ചെയ്തുകൊണ്ടിരുന്നു. താഴെ ഭൂമിയിൽ നിശ്ചലരായി തീ കാഞ്ഞുകൊണ്ടിരുന്ന ആട്ടിടയരുടെ സംരക്ഷണയിൽ ആട്ടിൻപറ്റങ്ങൾ സുഷുപ്തിയിലാണ്ടു വിശ്രമിച്ചു. ആകാശത്തിലും ഭൂമിയിലും സർവത്ര ശാന്തത. ആ ശാന്തതയെ പരിപോഷിപ്പിച്ചുകൊണ്ട്, "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" എന്നു പറഞ്ഞുകൊണ്ട്, മുപ്പത്തിമൂന്നു കൊല്ലങ്ങൾക്കു ശേഷം ലോകത്തോടു യാത്ര ചോദിച്ച 'സമാധാനത്തിന്റെ രാജകുമാരൻ' താഴ്മയുടെ മൂർത്തീകരണമായി ഒരു പുൽത്തൊട്ടിയിൽ വന്നവതരിച്ചു. താഴ്മയുടെ ആത്മാവോടുകൂടിയ ദൈവപുത്രന് ഗർവിന്റെ ഗഹ്വരങ്ങളായ രാജകൊട്ടാരത്തിലോ പ്രഭുഭവനങ്ങളിലോ ജീവിക്കുക എന്നല്ല, ജനിക്കുക പോലും അസഹ്യമായിരുന്നു.

താഴ്മ ബലഹീനതയുടെയും നിസ്സഹായതയുടെയും ഒരു വകഭേദമായി പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. എന്നാൽ യേശുവിന്റെ താഴ്മയിൽ അപാരമായ ശക്തിയും നിസ്തുലമായ നിർഭയത്വവും അന്തർലീനമായിരുന്നു. "നിങ്ങൾ പോയി ആ കുറുക്കനോട്... പറവീൻ" എന്ന് രാജത്വചെങ്കോൽ വഹിച്ചിരുന്നവനും രാക്ഷസ സ്വഭാവിയുമായിരുന്ന ഹെരോദാവിനെപ്പറ്റി ശങ്കകൂടാതെ പരാമർശിച്ചതും, "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം!" എന്ന് തന്റെ സമുദായത്തിന്റെ തലവന്മാരും മാനികളുമായവരോട് കൂസലെന്യേ ആവർത്തിച്ചു പറഞ്ഞതും, "മേലിൽ നിന്നു കിട്ടീട്ടില്ലാ എങ്കിൽ എന്റെ മേൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു" എന്ന് ലോകത്തെ കിടുകിടാ വിറപ്പിച്ചുകൊണ്ടിരുന്ന കൈസറുടെ പ്രതിനിധിയായ പീലാത്തോസിനോട് ശാന്തമായും നിർഭയമായും പ്രതിവചിച്ചതും താഴ്മയുള്ള യേശുവായിരുന്നു.

പുൽക്കൂടു മുതൽ കാൽവരിയിലെ കുരിശു വരെയുള്ള യേശുവിന്റെ ജീവിതയാത്ര താഴ്മയുടെ ഒരു തീർത്ഥയാത്രയായിരുന്നു. താഴ്മ നിറഞ്ഞ പുൽക്കൂട്ടിൽനിന്ന് പ്രവഹിച്ച സമാധാനം ആദ്യമായി ആസ്വദിച്ചത്, *"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തോത്രം, ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം"* എന്നുള്ള ദൈവദൂതന്മാരുടെ മധുരസംഗീതം ശ്രവിച്ചത്, ആ എളിയ ആട്ടിടയന്മാരായിരുന്നു.

താഴ്മ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും സമാധാനം അതിന്റെ ഗോപുരവുമാണ്. സമാധാനം പരിപൂർണ്ണ വ്യക്തിത്വത്തിന്റെ ലക്ഷണമാണ്. താഴ്മയും സമാധാനവും അഭേദ്യഗുണങ്ങളാണ്. *"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും"* (മത്തായി 11:29).

ക്രിസ്തുമസ്സ് ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും ദിവസമല്ല; പ്രത്യുത താഴ്മയുടെയും സമാധാനത്തിന്റെയും ദിവസമാണ്. ആ സുദിനാചരണം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം നല്കിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തെ കാണിച്ചുതരുന്നതും, ആണ്ടുതോറും പുതുക്കി എഴുതപ്പെടുന്നതും ആയ ഒരു ചൂണ്ടുപലകയായി നമുക്കു ഭവിക്കട്ടെ. ◎

• മുഖമൊഴി •

ക്രിസ്തുമസ്സും പുതുവർഷവും

2020 വിട വാങ്ങുന്നു; പ്രതീക്ഷയുടെ പുത്തൻ നാമ്പുകളുമായി 2021 കാത്തു നിൽക്കുന്നു. കാഴ്ചയിൽത്തന്നെ പൂർണ്ണതയുടെ ലക്ഷണം നൽകിയാണ് "2020" കടന്നുവന്നത്; സമഗ്ര പുരോഗതിയുടെ അടിസ്ഥാനശിലയായി മാധ്യമവിദഗ്ദ്ധർ അതിനെ അവതരിപ്പിച്ചു. പക്ഷേ 2019 നവംബർ മാസത്തിൽ ചൈനയിൽ ഉദയം ചെയ്ത് 2020 ആരംഭത്തോടെ ലോകത്തെ ഗ്രസിച്ച കൊറോണയുടെ ഭീകരതാണ്ഡവം 2020 മാർച്ചു മാസത്തോടെ ഭാരതമക്കളുടെ ജീവിതത്തെയും നിശ്ചലമാക്കി. പിന്നെ നമുക്ക് ഒരു വിഷയമേ ഉണ്ടായിരുന്നുള്ളൂ: കൊറോണ അഥവാ കോവിഡ് – 19! കൊറോണയോട് യുദ്ധം ചെയ്ത് മുട്ടുമടക്കിയപ്പോൾ നാം മുദ്രാവാക്യം മാറ്റിയെഴുതി – "കൊറോണയോടൊപ്പം ജീവിക്കുക." അമേരിക്കൻ നീഗ്രോകളെ ഒരു കാലത്ത് ഉത്തേജിപ്പിച്ച പാട്ട് ഇന്നു നാം ഏറ്റു പാടുന്നു: "We shall overcome, we shall overcome, we shall overcome... some day!!"

2016 ഡിസംബർ 31-ന് നിലവിൽ വന്ന നോട്ട് നിരോധനം മൂലം തകർന്നടിഞ്ഞ സാധാരണ ഭാരതീയന്റെ ജീവിതത്തിൽ കോവിഡെന്ന മാരകപ്രഹരം ഏൽപ്പിച്ചുകൊണ്ട് 2020 ഡിസംബർ 31 അടുത്തു വരുന്നു. അടച്ചുപൂട്ടലിന്റെ വക്കത്തെത്തിയ ആശുപത്രികൾക്കും മരുന്നുകമ്പനികൾക്കും പുതുജീവൻ ലഭിച്ചു; വീട്ടിലിരുന്നു ജോലി (Work from Home), ഓൺലൈൻ വിദ്യാഭ്യാസം, ടെലി-മെഡിസിൻ എന്നിങ്ങനെ ചില പുതിയ രീതികൾ നിലവിൽവന്നു; നിത്യോപയോഗ സാധനങ്ങൾക്കു ക്ഷാമം ഉണ്ടാകുമെന്നു കരുതിയെങ്കിലും അതുണ്ടായില്ല, എന്നീ നേട്ടങ്ങൾക്കപ്പുറം ജോലിയും വരുമാനവും നഷ്ടപ്പെട്ട ജനകോടികളുടെ കണ്ണീർ ഇനിയും തോർന്നിട്ടില്ല.

ഇങ്ങനെ ജനജീവിതം സ്തംഭിച്ചു നിൽക്കുമ്പോൾ ആധുനിക ജീവിതത്തിന്റെ ജീവനാഡിയായ വാർത്താ വിനിമയോപാധികൾ, ജീവരക്തമായ പെട്രോളിയം ഉൽപ്പന്നങ്ങൾ (പെട്രോൾ, ഡീസൽ, ഗ്യാസ് എന്നിവ), പൊതുസമ്പത്തുകൊണ്ടുണ്ടാക്കിയ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ട്രെയിനുകൾ, നമ്മുടെ സ്വകാര്യ സമ്പാദ്യത്തിന്റെ സൂക്ഷിപ്പുകാരായി നാം കരുതുന്ന ബാങ്കുകൾ, എന്നിങ്ങനെ മർമ്മപ്രധാനമായ മേഖലകളെല്ലാം വിരലിലെണ്ണാവുന്ന ചില വ്യക്തികളുടെയും കുടുംബങ്ങളുടെയും കരാളഹസ്തങ്ങൾ കൈയടക്കിക്കഴിഞ്ഞു എന്നതാണ് 2020-ന്റെ ബാക്കിപത്രം. ഇന്ത്യൻ ഭരണഘടന അറിഞ്ഞു നൽകിയിട്ടുള്ള അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും പാർപ്പിട, ഭൂമി സ്വാതന്ത്ര്യവും വരെ മണിച്ചിത്രത്താഴിട്ടു പൂട്ടിവരുന്നു എന്നു പറഞ്ഞാൽ വിശ്വാസം വരാത്ത സാമാന്യജനം "പാൽ ചുരത്താത്ത" ATM പശുവിനു മുമ്പിൽ കൈക്കുമ്പിളുമായി നിൽക്കുമ്പോൾ മാത്രമേ തങ്ങളുടെ യഥാർത്ഥ സ്ഥിതി തിരിച്ചറിയുകയുള്ളൂ.

ജർമ്മൻ സാമൂഹ്യ സാമ്പത്തിക നിരൂപകനായിരുന്ന കാൾ മാർക്സ് "മതം മനുഷ്യനെ

മയക്കുന്ന കറുപ്പാണ്" എന്നു പറഞ്ഞെങ്കിലും മതങ്ങളുടെ നിലനിൽപ്പിനെ കരുതി നാമതു സമ്മതിച്ചു കൊടുത്തില്ല; പക്ഷേ ആധുനിക ഭാരത രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം ഇത് നൂറു ശതമാനം ശരിയാണെന്നു വന്നിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും പുരാതന സംസ്കാരമെന്നും എല്ലാ മതങ്ങളെയും ഉൾക്കൊള്ളുന്ന ജനപദമെന്നുമെല്ലാം ഭാരത ത്തെക്കുറിച്ചു പറഞ്ഞുവന്നത് പഴങ്കഥയായി മാറിക്കഴിഞ്ഞിരിക്കുന്നു. മതത്തിന്റെ പേരിൽ സാമാന്യജനത്തെ വിശ്വാസാചാരങ്ങളുടെ തടവറയിലാക്കുന്ന മതനേതാക്കന്മാരും വിക സനത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന രാഷ്ട്രീയനേതാക്കന്മാരുമെല്ലാം മതത്തെ തങ്ങളുടെ സ്വാർത്ഥപൂരണത്തിനുള്ള ആയുധമായി മാത്രമാണ് കരുതുന്നത്. രാഷ്ട്രീയ നേതാക്കന്മാർ നഗ്നമായ പകൽക്കൊള്ള നടത്തുമ്പോൾ അറിവുള്ളവർ പോലും ജാതി യുടെയും മതത്തിന്റെയും പേരിൽ അന്ധരായി അഭിനയിക്കുന്ന കാഴ്ചയാണ് നാമിന്നു കാണുന്നത്.

ഈ പശ്ചാത്തലത്തിലാണ് നാം പുതുവർഷത്തെ വരവേൽക്കുവാനൊരുങ്ങുന്നത്. 2021 അനുഗ്രഹവർഷമാകണമെങ്കിൽ ഒന്നേ ചെയ്യാനുള്ളൂ; ചെയ്യേണ്ടതുള്ളൂ – നാം പരസ്പരം കരുതുക. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്ന ക്രിസ്തുവ ചനം മാത്രമാണ് 2021 – ന്റെ മോചനത്തിനുള്ള താക്കോൽ. ഇന്നലെവരെ നാം ആശ്രയം വെച്ചിരുന്ന മതനേതാക്കന്മാരും രാഷ്ട്രീയനായകരും അവർക്കുവേണ്ടി മാത്രം കരുതു ന്നവരാണെന്നറിയുക; പൊള്ളയായ വാക്കുകളാൽ അവർ ഇനിയും നമ്മെ ചൂഷണം ചെയ്യാതെ ശ്രദ്ധിക്കുക. പാലാരിവട്ടം പഞ്ചവടിപ്പാലത്തിന്റെയും ഔദ്യോഗിക സംരക്ഷ ണമുള്ള കള്ളക്കടത്തിന്റെയും രാഷ്ട്രീയ പിൻബലമുള്ള മയക്കുമരുന്നു കച്ചവടത്തിന്റെയും വർദ്ധിച്ചു വരുന്ന പീഡനമത്സരങ്ങളുടെയും മതസങ്കേതങ്ങളിൽ നടമാടുന്ന വിശുദ്ധപാ പങ്ങളുടെയും കഥകൾ പാണൻ പാടി നടക്കുമ്പോൾ നാമറിയുക, ഈ നാട്ടിൽ എല്ലാം നഷ്ടപ്പെട്ടിട്ടില്ല... 770-ൽപ്പരം കോടി ജനങ്ങളിൽ എന്നും ഒരു "ഇ. ശ്രീധരൻ" ഉണ്ടായി രിക്കും; പെരുങ്കള്ളന്മാരുടെ മുഖംമൂടി പൊളിക്കുന്ന ചില നട്ടെല്ലുള്ള ഉദ്യോഗസ്ഥന്മാരു ണ്ടായിരിക്കും; "അന്യായം" ഫയൽ ചെയ്യുമ്പോൾ ന്യായം കണ്ടുപിടിക്കുന്ന കോടതി കൾ ഉണ്ടായിരിക്കും; നെല്ലും പതിരും തിരിച്ചറിയുന്ന ഒരു ജനസമൂഹം ഉണ്ടാകുക എന്ന താണ് ഇതിനാവശ്യമായിരിക്കുന്നത്.

അടുത്തുവരുന്ന ക്രിസ്തുമസ്സിൽ ഒരു പ്രാർത്ഥനയേ ഉള്ളൂ – **ക്രൈസ്തവസഭകളിൽ ക്രിസ്തു ഒരിക്കൽകൂടി ജനിക്കട്ടെ! ക്രിസ്തുവിനു ജനിക്കാനുള്ള പുൽത്തൊട്ടിയായി മാറാൻ നമ്മുടെ മഹാപുരോഹിതന്മാരും വൈദികരും മാത്രമല്ല, നാം ഓരോരുത്തരും ശ്രദ്ധിക്കണം. ലോകത്തിന്റെ വെളിച്ചമായി, ലോകത്തെ പ്രചോദിപ്പിക്കുന്ന ഉപ്പായി ഓരോ ക്രിസ്ത്യാനിയും രൂപാന്തരപ്പെടട്ടെ.** അതില്ലാതെ ക്രിസ്തുമസ്സ് Happy Christmas ആവില്ല; അതല്ലാതെ 2021 Happy New Year ആവില്ല! മതത്തെയും രാഷ്ട്രീയത്തെയും ആശ്രയിക്കാതെ നമുക്ക് ആ മാറ്റം വരുത്താം – പരസ്പര സഹകരണത്തിലൂടെ! നമ്മുടെ അയൽക്കാരനെ അറിയുക; നമ്മുടെ വീടിന്റെ ചുറ്റുവട്ടത്ത് ഒരു ആത്മഹത്യയോ ഒരു അക്രമമോ ഒഴിവാക്കാൻ നമുക്കു കഴിഞ്ഞാൽ അതൊരു വിജയമാണ്. അകന്ന മനുഷ്യബ ന്ധങ്ങളെ കൊറോണാ വിളക്കിച്ചേർത്തു എന്നു കരുതിയാൽ അതും പുണ്യമാണ്. ഭൂമിയിൽ സ്വർഗ്ഗമുണ്ടാക്കുന്നവനുള്ള പ്രതിഫലമാണ് മരണശേഷമുള്ള സ്വർഗ്ഗം; അല്ലാതെ സ്വർഗ്ഗ ത്തെപ്പറ്റി പറയുന്നവനുള്ളതല്ല! ഭൂമിയിൽ വിശുദ്ധനായവനാണ് സ്വർഗ്ഗത്തിൽ വിശുദ്ധൻ!!

"Happy Christmas... Blessed New Year." ◎

തിരുമുൽക്കാഴ്ച

റവ. പി. വി. ജെയിംസ്





വചനം ജഡമായപ്പോൾ

വേദപുസ്തകം മനുഷ്യജീവിതത്തിലെ ദൈവിക ഇടപെടലുകളുടെ ആവിഷ്കാരമാണ്. തന്റെ ജനത്തെ വീണ്ടെടുക്കുവാനുള്ള രക്ഷണ്യ പ്രവർത്തനത്തിൽ ദൈവം അനേകരെ പങ്കാളികളാക്കിയിട്ടുണ്ട്. വചന സ്വാധീനം വ്യക്തി ജീവിതങ്ങളെ എപ്രകാരം പ്രചോദിപ്പിച്ചു എന്ന് ലൂക്കൊസ് ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ വിവരിക്കുന്നു. യേശുവിന്റെയും യോഹന്നാൻ സ്നാപകന്റെയും ജനനത്തിന്റെ വിവരണങ്ങളാണ് ഈ രണ്ട് അദ്ധ്യായങ്ങളിൽ കാണുന്നത്. വചനത്തിന് ജഡം ധരിക്കാൻ തന്റെ ഉദരം വിട്ടുകൊടുത്ത കന്യകമറിയം, കാത്തിരിപ്പിന് ഫലം ലഭിച്ച എലീശബത്ത്, എന്നിവരുടെ ജീവിതാനുഭവങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. ഇവിടെ വചനത്തിന്റെ സ്വാധീനം രണ്ട് പേരുടെയും ജീവിതത്തിൽ പുതിയ ഉണർത്തുപാട്ടുകളായി അലയടിക്കുന്നു.

ഒന്നാം അദ്ധ്യായത്തിൽ മറിയ എലീശബത്തിനെ സന്ദർശിക്കുന്നതിന്റെ വിവരണം കാണുന്നു (ലൂക്കൊ 1:39-45). കണ്ടുമുട്ടുന്ന വ്യക്തികളുടെ മഹത്വംകൊണ്ടാണ് സംഗമങ്ങൾ പലപ്പോഴും ചരിത്രത്തിൽ ഇടം നേടുന്നത്. സംഗമങ്ങൾ അന്വേഷണങ്ങളെ സാർത്ഥകമാക്കും. സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവന്ന് ഇമ്മാനുവേലായിത്തീർന്ന ചരിത്രസംഭവത്തിന് മുന്നോടിയായി നടന്ന സ്നേഹസംഗമമാണ് മറിയയുടെയും എലീശബത്തിന്റെയും. രക്ഷണ്യചരിത്രത്തിന്റെ ഭാഗമായ ഈ രണ്ട് വനിതകളുടെ സംഗമത്തിൽ ലോകത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവത്തിന്റെ രക്ഷണ്യപദ്ധതിയുടെ സന്തോഷമാണ് ഇരുവരും പങ്കുവെക്കുന്നത്.

എലീശബത്തിന്റെയും, കന്യകമറിയത്തിന്റെയും മാനസികാവസ്ഥ ഒന്നു തന്നെയാണ്. സമാന ജീവിതാനുഭവങ്ങൾ കൈവന്നവർ, അവർ സുഖദുഃഖങ്ങൾ പങ്കുവെയ്ക്കുന്നത് സന്തോഷകരമാണ്, ആശ്വാസകരമാണ്. ലോകരക്ഷകന് ജന്മം ഏകുവാൻ ദൈവം തെരഞ്ഞെടുത്ത മറിയ തന്റെ ചാർച്ചക്കാരിയായ എലീശബത്തിനെ തേടിപ്പോകുന്ന വിനയത്തോടെയുള്ള ഒരു യാത്ര. മറിയയെ കണ്ട് എലീശബത്ത് പരവശയാകുന്നു; അവളെ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. ആ സന്ദർശനം പരമഭാഗ്യമായി എന്ന് അവൾ പ്രസ്താവിക്കുന്നു. മാത്രമല്ല, ഗർഭവതിയായ എലീശബത്തിന്റെ ഉള്ളിലെ ശിശുവും ആ സന്തോഷത്തിൽ പങ്കുചേരുന്നു.

എലീശബത്തും മറിയയും ദൈവിക രക്ഷാപദ്ധതിയിൽ പങ്കാളികളായി.

മനുഷ്യജാതിയുടെ വീണ്ടെടുപ്പിന് വചനം ജഡധാരണം ചെയ്യുന്നതിനായി മറിയത്തെ ദൈവം തെരഞ്ഞെടുത്തു. "നീ ഗർഭം ധരിച്ച്

ഒരു മകനെ പ്രസവിക്കും. അവന് യേശു എന്ന് പേർ വിളിക്കണം." അതായിരുന്നു മറിയക്ക് ലഭിച്ച ദൈവസന്ദേശം. അപ്രകാരം അവൾ ഭാഗ്യവതിയായി മാറി.

അതുപോലെ സെഖര്യാവ് - എലീശബത്ത് ദമ്പതികളെയും ദൈവം തന്റെ രക്ഷാപദ്ധതിയിൽ പങ്കാളികളാക്കി. ദൈവഹിതത്തിനായി സമ്പൂർണ്ണമായി സമർപ്പിക്കുന്നവരിൽക്കൂടെയാണ് ദൈവം പ്രവർത്തിക്കുന്നത്. "ദൈവം നമ്മെ തന്റെ കൂട്ടുവേലക്കാരായി നിയമിച്ചിരിക്കുന്നു" (1 കൊരി. 1:9). അതിന് നമ്മെത്തന്നെ വിനയപ്പെടുത്തുവാനും വിധേയപ്പെടുത്തുവാനും സമ്മതമാണെങ്കിൽ ദൈവം നമ്മെയും എടുത്ത് ഉപയോഗിക്കും.

ഇവിടെ ദൈവിക അരുളപ്പാടിന് തങ്ങളുടെ ജീവിതത്തെ വിധേയപ്പെടുത്തിക്കൊണ്ട് രണ്ടു പേരും തങ്ങളെത്തന്നെ സമർപ്പിക്കുന്നു. വാർദ്ധക്യവും വന്ധ്യവുമായ അവസ്ഥയിലും നിരാശരാകാതെ, തളരാതെ, പ്രാർത്ഥനയ്ക്കും വചനനിവർത്തിക്കും തങ്ങളുടെ ജീവിതത്തെ വിട്ടുകൊടുത്തപ്പോൾ സെഖര്യാവിനും എലീശബത്തിനും മശിഹായ്ക്ക് വഴിയൊരുക്കുന്നവനായ യോഹന്നാന്റെ മാതാപിതാക്കളാകുവാൻ കഴിഞ്ഞു. അതായത് പ്രതീക്ഷകൾ കൈവിടാതെ നിലനിന്നവർക്ക് ജീവിതത്തിൽ ആഴമേറിയ വിശ്വാസത്തിന്റെ പ്രതിഫലനങ്ങൾ കാഴ്ചവെയ്ക്കുവാൻ കഴിഞ്ഞു. മശിഹായെ പ്രതീക്ഷിച്ചവർക്ക് മശിഹായ്ക്ക് വഴിയൊരുക്കുന്നവന്റെ മാതാപിതാക്കളാകുവാൻ കഴിഞ്ഞു. അതുപോലെ വചനത്തിൽ പ്രത്യാശ വെയ്ക്കുന്നവർക്ക് ആഴമേറിയ വിശ്വാസത്തിന്റെ പ്രതിഫലനങ്ങൾ ജീവിതത്തിൽ ഉണ്ടാകും. Nothing is impossible, when you trust in the Lord.

അതുപോലെ, ഗബ്രിയേൽ ദൂതന്റെ അരുളപ്പാട് സ്വീകരിച്ച്, വിവാഹം കഴിയാത്ത മറിയ തന്റെ ജീവിതത്തെ വിട്ടുകൊടുക്കുന്നതിലൂടെ വിശ്വാസത്തിന്റെ പ്രതിഫലനങ്ങൾക്ക് സ്വയം വിധേയപ്പെടുന്നു. വചനത്തിന് ശരീരം നൽകുവാൻ തന്റെ ഉദരം നൽകുന്നതിലൂടെ അത് ദൈവം വസിക്കുന്ന ഇടമായി മാറുന്നു. വേറെ വിധത്തിൽ പറഞ്ഞാൽ വചനം തന്റെ ഉദരത്തിൽ വഹിക്കുന്നതിലൂടെ ദൈവം വസിക്കുന്ന ആലയമായി മറിയയുടെ ശരീരം മാറുന്നു. നമ്മെ സംബന്ധിച്ചും, വചനത്തിന് നമ്മുടെ ഹൃദയത്തിൽ അല്ലെങ്കിൽ ജീവിതത്തിൽ ഇടം കൊടുക്കുന്നതിലൂടെ, ദൈവവാസയോഗ്യമായ ആലമായി മാറുവാൻ കഴിയുന്നു.

ദൈവിക മാനങ്ങളിലൂടെയുള്ള സന്തോഷം പങ്കുവെയ്ക്കുന്നു

പ്രാർത്ഥനയിലും ധ്യാനത്തിലും കഴിയുന്നവരായിരുന്നു മറിയയും എലീശബത്തും. അതുകൊണ്ടാണ് ദൈവഹിതം ദർശനത്തിലൂടെ മനസ്സിലാക്കുവാൻ ഇരുവർക്കും സാധിച്ചത്.

എലീശബത്തിന്റെയും മറിയയുടെയും സംഗമം പരസ്പരം ശാക്തീകരണം നൽകി. ഒരാൾക്ക് വാർദ്ധക്യത്തിലും മറ്റേ ആൾക്ക് വിവാഹത്തിന് മുമ്പും ഉണ്ടായ ഗർഭധാരണങ്ങൾ രണ്ടുപേരെയും സംബന്ധിച്ചിടത്തോളം അപമാനം, ഒറ്റപ്പെടൽ, പഴി, നിന്ദ തുടങ്ങിയ വ്യഥകൾ ജീവിതത്തിൽ വരുത്തിവെയ്ക്കാവുന്നതായിരുന്നു. എന്നാൽ അവരുടെ പരസ്പരമുള്ള കണ്ടുമുട്ടൽ നിരാശയ്ക്കു പകരം അനുഗ്രഹങ്ങളുടെ ആഘോഷമായി മാറുന്നു. ഹൃദയത്തിൽ വഹിക്കുന്ന വചന സമാഗമനങ്ങൾ ബന്ധങ്ങളുടെ ആഘോഷമായിത്തീരുന്നു. ദൈവദൂതനിലൂടെ എലീശബത്തിന് ലഭ്യമായ ഭാഗ്യാവസ്ഥ അറിഞ്ഞ മറിയ എഴുന്നേറ്റ് എലീശബത്തിനെ കാണുന്നതിനായി യാത്ര തിരിക്കുന്നു. അങ്ങനെ ചാർച്ചക്കാർ തമ്മിൽ ഒരു പുത്തൻ കൂട്ടായ്മ രൂപപ്പെടുന്നു. അവരുടെ കൂട്ടായ്മ പരസ്പരമുള്ള ആശ്വാസവും അനുഗ്രഹവുമായി മാറുന്നു. പുറമെ നിന്നുള്ള ആരുടെയും ഇടപെടൽ കൂടാതെയുള്ള അവരുടെ ബന്ധം ആശ്വാസം നൽകുന്നതും, പരസ്പരം മാനസിക പിന്തുണ നൽകുന്നതുമായിത്തീർന്നു.

(ശേഷം പേജ് 16-ൽ)

പ്രൊഫ. എം. വൈ. യോഹന്നാൻ





തിരുപ്പിറവിയുടെ മഹാസന്തോഷം

"നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും" (ലൂക്കോസ് 1:14).

മനുഷ്യനെ നിത്യമായ സ്വസ്ഥതയിലേക്ക് നയിക്കുവാൻ തിരു അവതാരം ചെയ്ത യേശുക്രിസ്തുവിന്റെ ജനനം ലോകമെമ്പാടും ഉത്സവപ്രതീതിയോടെ ആഘോഷിക്കുന്ന കാലമാണല്ലോ ഡിസംബർ മാസം. 'സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം.' ഒരു ശിശുവായി ഭൂമിയിൽ വന്നു പിറന്ന മഹാസംഭവം. ആ തിരുപ്പിറവി ഏവർക്കും സന്തോഷമുളവാക്കുന്നതാണ്. ഈ ഭൂമിയിൽ ജനിച്ചു ജീവിച്ചുകൊണ്ട് ദൈവം തന്നെത്തന്നെ മനുഷ്യർക്ക് വെളിപ്പെടുത്തിക്കൊടുത്തു. ഒരിടത്തും ഒതുങ്ങാത്തവനായ ദൈവം ഒരു സ്ത്രീയുടെ ഉദരത്തിൽ ഒതുങ്ങിക്കിടന്നു. സകലത്തിന്റെയും സ്രഷ്ടാവായ ദൈവം ഒരു പുൽത്തൊട്ടിയിൽ പിറന്നു കിടന്നു. സന്തോഷവും സമാധാനവുമാണ് ക്രിസ്തുമസ്സിന്റെ സന്ദേശം. നിത്യനരകത്തിനവകാശികളായ മനുഷ്യർക്ക് നിത്യസ്വർഗ്ഗം നൽകുവാനായി തന്റെ ഏകജാതനായ തിരുക്കുമാരനെ ദൈവം ഈ ഭൂമിയിലേക്കയച്ചു.

എന്നാൽ ആഘോഷത്തിന്റെ തിരക്കിലും ആഹ്ലാദത്തിന്റെ തിരത്തല്ലലിലും ക്രിസ്തുമസ്സിന്റെ സാക്ഷാത്തായ സന്ദേശം എന്ത് എന്ന് അനേകരും ചിന്തിക്കാറില്ല. ഇന്ന് ക്രിസ്തുമസ്സ് കരോളും ഗാനങ്ങളും ക്രിസ്തുമസ്സ് ദീപങ്ങളും നക്ഷത്രങ്ങളും ക്രിസ്തുമസ്സ് സന്ദേശങ്ങളും ആശംസകളും ക്രിസ്തുമസ്സ് വിഭവങ്ങളും സൽക്കാരങ്ങളും എല്ലാം വെറും ആഘോഷങ്ങളും ചടങ്ങുകളും ആയി മാറിക്കൊണ്ടിരിക്കുകയല്ലേ?

"ഞാൻ യെഹൂദ്യയിലെ ബെത്ലഹേമിൽ നിന്നു വരുന്ന ഒരു ലേവ്യൻ ആകുന്നു. തരം കിട്ടുന്നേടത്ത് പാർപ്പാൻ പോകയാകുന്നു" (ന്യായാധിപന്മാർ 17:9).

യേശുക്രിസ്തു ജനിക്കുന്നതിന് ആയിരത്തിരുന്നൂറ് വർഷം മുമ്പ് രചിച്ച ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഈ വാക്യം യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ ഇന്ന് ഏറെ പ്രസക്തമാണ്.

മരംകോച്ചുന്ന തണുപ്പുള്ള മഞ്ഞു പെയ്യുന്ന ആ രാത്രിയിൽ മറിയം വെളിമ്പറമ്പിൽ യേശുവിനെ പ്രസവിച്ചു. "വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി." അന്നു സർവ്വലോക സ്രഷ്ടാവായ ദൈവപുത്രന് ജനിച്ചുകിടക്കാൻ ഒരു സ്ഥലം കിട്ടിയില്ല. ഇന്നും അങ്ങനെ തന്നെ. അരക്കാശിനു മുതലില്ലാത്തവനും തലചായ്ക്കാൻ ഇടമില്ലാത്തവനുമായ ക്രിസ്തു തനിക്കു പാർക്കാൻ മനുഷ്യഹൃദയങ്ങളെ തേടി അലയുകയാണ്. ഓരോ മനുഷ്യ ഹൃദയകവാടത്തിലും യേശു മുട്ടിക്കൊണ്ടിരിക്കുകയാണ്. തനിക്കു വസിക്കുവാൻ ഇടം കിട്ടുമോ എന്നു നോക്കിക്കൊണ്ട് ആശയോടെ ഹൃദയവാതില്ക്കൽ തറ്റുനിൽക്കുന്ന യേശുവിനെ ഉള്ളത്തിലേക്ക് സ്വീകരിക്കുവാൻ കഴി

ഞ്ഞില്ലെങ്കിൽ ക്രിസ്തുമസ്സ് അർത്ഥശൂന്യമാണ്.

മനുഷ്യൻ തന്നെയാണ് ദൈവത്തിന്റെ മന്ദിരം. *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"* എന്ന് 1 കൊരിന്ത്യർ 3:16 ൽ നാം കാണുന്നു. മനുഷ്യഹൃദയങ്ങളിൽ അധിവസിക്കാൻ പുറപ്പെട്ട ക്രിസ്തുവിനെ ഇന്ന് മനുഷ്യൻ തിരസ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്.

"കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവജാതിക്ക് കൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായ്പ്പാൻ സ്ഥലമില്ല" (ലൂക്കോസ് 9:58).

മനുഷ്യ ഹൃദയങ്ങളിൽ കുറുനരികൾക്ക് മാളങ്ങളുണ്ട്. കുറുനരികളുടെ സ്വഭാവമായ സൂത്രവും കൗശലവും മൃഗീയ വികാരങ്ങളും അക്രമവാസനയും ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നു. ചതിയും വഞ്ചനയും പകയും വൈരാഗ്യവും സ്വാർത്ഥതയും ദുഷ്ടതയും അവിടെ സ്ഥിര താമസമാക്കിയിരിക്കുന്നു. പൈശാചിക സേനയുടെ പ്രതീകമായി തിരുവചനത്തിൽ പറയുന്ന 'ആകാശത്തിലെ പറവജാതി' മനുഷ്യഹൃദയങ്ങളിൽ കൂടുകെട്ടി പാർക്കുകയാണ്. അവിടെ അധിപതിയായി സാത്താൻ വാഴുകയാണ്. ക്രിസ്തുവിന് അവിടെ ഇടമില്ല.

പിശാച് മനുഷ്യനെ ആകെ വലച്ചുകൊണ്ടിരിക്കുകയാണ്. പരാജയപ്പെട്ട ജീവിതങ്ങൾ. സമാധാനത്തിന്റെ കണികപോലുമില്ലാതെ, പ്രത്യാശയ്ക്ക് വകയില്ലാതെ വലഞ്ഞ് ഉഴലുന്ന മനുഷ്യർ. വിഷാദമഗ്നമായ ജീവിതത്തിൽ സന്തോഷമെന്തെന്ന് ഒരിക്കൽപ്പോലും അനുഭവിക്കാൻ കഴിയാത്ത മനുഷ്യജീവിതങ്ങൾ.

ക്രിസ്തുവിന്റെ തിരുപ്പിറവിയുടെ ഉദ്ദേശ്യം യെശയ്യാ പ്രവാചകൻ മുൻകൂട്ടി പ്രവചിച്ചിരുന്നു. *"ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനു സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു"* (യെശ. 61:1-3).

ക്രിസ്തുവിനെ ഹൃദയത്തിൽ കൈക്കൊള്ളുമ്പോഴാണ് ജീവിതത്തിൽ യഥാർത്ഥമായ സന്തോഷവും ഉല്ലാസവും ഉണ്ടാകുന്നത്. അപ്പോഴാണ് ജീവിതത്തിൽ ശരിയായ ഉത്സവം തുടങ്ങുന്നത്. ദൈവപ്രസാദമുള്ള ഒരു ജീവിതം നയിക്കുമെങ്കിൽ ദൈവം വാഗ്ദാനം ചെയ്ത ശാശ്വത സമാധാനം നമുക്ക് അനുഭവിക്കാം. ദൈവം പ്രസാദിക്കുന്ന ജീവിതം ക്രിസ്തു ഉള്ളത്തിൽ വസിക്കുന്ന ജീവിതമാണ്. പാപത്തിന്റെയും സകല തിന്മകളുടെയും അധികാരിയായ പിശാചിനോട് യാത്രപറഞ്ഞ് സമാധാനപ്രഭുവായ യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുമെങ്കിൽ ലോകത്തിനു തരാൻ കഴിയാത്തതും ലോകത്തിന് എടുത്തുകളയാൻ കഴിയാത്തതുമായ നിത്യസമാധാനം നമ്മിൽ നിറയും.

"ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന കന്യകമറിയത്തിന്റെ സമർപ്പണം പോലെ ദൈവഹിതത്തിന് നമ്മെത്തന്നെ വിട്ടുകൊടുക്കുമെങ്കിൽ ക്രിസ്തു നമ്മുടെ ഹൃദയത്തിലും വന്നു പിറക്കും. അവൻ രാജാധിരാജനായി അവിടെ വാഴും. നമ്മെ നിത്യസ്വർഗ്ഗരാജ്യത്തിലെത്തിക്കുവോളം അവൻ കൂടെയിരിക്കും. ഹൃദയം സന്തോഷവും സമാധാനവും കൊണ്ട് നിറയും. *"അവയിൽ നിന്നു സ്തോത്രവും സന്തോഷിക്കുന്നവരുടെ ഘോഷവും പുറപ്പെടും; ഞാൻ അവരെ വർദ്ധിപ്പിക്കും. അവർ കുറഞ്ഞു പോകയില്ല; ഞാൻ അവരെ മഹത്വീകരിക്കും. അവർ എളിമപ്പെടുകയുമില്ല."* (യിരമ്യാവ് 30:19). ഈ വർഷത്തെ ക്രിസ്തുമസ്സ് അതിന്റെ ശരിയായ അർത്ഥത്തിൽ ആഘോഷിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും ക്രിസ്തുമസ്സ് ആശംസകൾ നേരുന്നു. ◎

ധ്യാനപീഠം

ഒരു വിശ്വാസി



സമാധാനത്തിന്റെ ദൂതൻ

“നിങ്ങൾക്കുള്ള അടയാളമോ ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു” (ലൂക്കോസ് 2:12). യേശുവിന്റെ ജനനത്തെക്കുറിച്ച് വളരെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷം ലൂക്കോസിന്റേതാണ്. രണ്ടു സുദീർഘ അധ്യായങ്ങളാണ് ലൂക്കോസ് യേശുവിന്റെ ജനനത്തെക്കുറിച്ച് വിവരിക്കാൻ മാറ്റിവച്ചത്. ലൂക്കോസ് തൊഴിൽപരമായി ഒരു വൈദ്യനായിരുന്നു. യേശുവിന്റെ കന്യാജനനമാകട്ടെ, വൈദ്യശാസ്ത്രത്തിന് ഒരു അത്ഭുതവും!

അതുകൊണ്ട് ആദി മുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട് യേശുവിനെക്കുറിച്ച് ഒരു ചരിത്രം ചമയ്ക്കുവാൻ ലൂക്കോസ് തുനിഞ്ഞപ്പോൾ യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരങ്ങളിൽ ലൂക്കോസിന്റെ സവിശേഷശ്രദ്ധ പതിഞ്ഞതിൽ അത്ഭുതമില്ല. ലൂക്കോസ് യേശുവിന്റെ ജനനത്തെയും അനന്തര സംഭവങ്ങളെയും കുറിച്ച് സൂക്ഷ്മമായി പഠിക്കുകയും രേഖപ്പെടുത്തി വയ്ക്കുകയും ചെയ്തതുകൊണ്ട് മറ്റു നിലയിൽ ചരിത്രത്തിന്റെ പുറമ്പോക്കിൽ പോലും സ്ഥാനം ലഭിക്കാൻ ഇടയില്ലാത്ത പലരും ചരിത്രത്തിന്റെ ഭാഗമായി.

ബേത്ലെഹേമിൽ ആട്ടിൻകൂട്ടത്തെ കാവൽ കാത്തു വെളിയിൽ പാർത്തിരുന്ന ഇടയന്മാർ അത്തരം ഒരു കൂട്ടരാണ്. കർത്താവിന്റെ ദൂതൻ പ്രത്യക്ഷനായി ‘സർവജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം’ ഇടയന്മാരോട് സുവിശേഷിച്ചു – *‘കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.’* ഈ നവജാതശിശുവിനെ തിരിച്ചറിയാൻ രണ്ട് അടയാളങ്ങളാണ് ദൂതന്മാർ പറഞ്ഞു കൊടുക്കുന്നത്. ഒന്ന് : ശീലകൾ ചുറ്റിയിരിക്കും. രണ്ട് : പശുത്തൊട്ടിയിൽ കിടക്കും. യേശുവിനെ തിരിച്ചറിയാൻ ദൂതൻ ആട്ടിടയർക്കു നൽകിയ അടയാളങ്ങൾ അവയുടെ ലാളിത്യംകൊണ്ടാണ് ശ്രദ്ധേയമായിരുന്നത്. പശുത്തൊട്ടിയിൽ കിടന്നിരുന്ന ആ നവജാത ശിശുവിന്റെ ശരീരം ഒരു ദരിദ്ര കുടുംബത്തിന് സാധ്യമായ വിധത്തിലുള്ള ശീലകളാൽ ചുറ്റപ്പെട്ടിരുന്നു.

പുൽക്കൂടു മുതൽ കാൽവറി വരെയുള്ള യേശുവിന്റെ ജീവിതത്തെ എടുത്താൽ ലാളിത്യത്തിന്റെയും താഴ്മയുടെയും അടയാളങ്ങളാലാണ് അവിടുത്തെ ദൃശ്യശരീരം അലങ്കരിക്കപ്പെട്ടിരുന്നതെന്ന് കാണാം. എന്നാൽ ഇന്ന് ഭൂമിയിലുള്ള യേശുവിന്റെ അദൃശ്യശരീരത്തെ (സഭയെ) തിരിച്ചറിയാനുള്ള അടയാളങ്ങൾ എന്തെല്ലാമാണ്? സഭയാകുന്ന ശരീരം ഇന്ന് അലങ്കരിക്കപ്പെട്ടിരിക്കുന്നത് താഴ്മയുടെയും ലാളിത്യത്തിന്റെയും ചിഹ്നങ്ങൾ കൊണ്ടാണോ?

യേശുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചിട്ടുള്ള എല്ലാവരും ദേശത്തിന്റെയും ഭാഷയുടെയും കാലത്തിന്റെയും അതിർവരമ്പുകൾ ഭേദിച്ച്, അവിടുത്തെ ശരീരമായ സഭയിലെ അംഗങ്ങളാണല്ലോ. ഈ സാർവ്വദേശീയ സഭ (യൂണിവേഴ്സൽ ചർച്ച്) അദൃശ്യമാണ്. ഈ സഭയുടെ ജീവൻ യേശുവിന്റെ ദിവ്യജീവൻ തന്നെയാണ്. തലയായ ക്രിസ്തുവിൽ നിന്നുള്ള ചൈതന്യമാണ് ഈ ശരീരത്തെയും ജീവിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ യേശുവിന്റെ സ്വഭാവത്തിൽ നിന്ന് അന്യമായ ഒന്നും ഈ സഭയായ ശരീരത്തിലും ഉണ്ടാവുകയില്ല. ഇന്നു ലോകത്തിനു സഭ എന്നു പറയുന്നത് അവരവരുടെ പ്രദേശത്തു കാണുന്ന ദൃശ്യമായ പ്രാദേശിക കൂടിവരവുകളാണ്. അതുകൊണ്ടു തന്നെ ഈ പ്രാദേശിക സഭകൾ യേശുവിന്റെ ജീവനാൽ നടത്തപ്പെടുന്നുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. ഈ സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തെ ലോകത്തിന് താഴ്മയുടെയും ലാളിത്യത്തിന്റെയും അടയാളങ്ങളാൽ ഇന്നു തിരിച്ചറിയുവാൻ കഴിയുന്നുണ്ടോ?

വളരെ വർഷങ്ങൾ ഉത്തരേന്ത്യയിൽ പ്രവർത്തിച്ചിരുന്ന സ്റ്റാൻലി ജോൺസ് എന്ന ക്രിസ്തീയ മിഷനറി തന്റെ ഒരു അനുഭവം രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്: അദ്ദേഹം വിദ്യാസമ്പന്നരും സമൂഹത്തിൽ ഉന്നതനിലയിലുള്ളവരുമായ ഒരു പറ്റം ആളുകളോട് സുവിശേഷം പ്രസംഗിക്കുകയായിരുന്നു. ആ യോഗത്തിന്റെ ഒടുവിൽ അദ്ദേഹം പറഞ്ഞു "പ്രിയ സഹോദരന്മാരെ, ഞാൻ നിങ്ങളോട് ക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുകയായിരുന്നല്ലോ. എന്നാൽ നിങ്ങളിലാരും ക്രിസ്തുവിനെ എന്തുകൊണ്ടാണു പരസ്യമായി സ്വീകരിക്കാതിരിക്കുന്നതെന്ന് ദയവായി എന്നോടു തുറന്നു പറയുക." സദസ്സിൽ നിന്ന് ഒരാൾ എഴുന്നേറ്റു. "നിങ്ങൾ ഞങ്ങളോട് ക്രിസ്ത്യാനികളാകാൻ പറഞ്ഞു. പക്ഷേ, നിങ്ങളുടെ തന്നെ സംസ്കാരം എത്രത്തോളം ക്രിസ്തീയമാണ്? നിങ്ങളുടെ വാഷിങ്ടണിലെ ഭരണകൂടം അഴിമതിയിൽ മുങ്ങിക്കുളിച്ചതല്ലേ?" മറ്റൊരാൾ: "നിങ്ങൾ അമേരിക്കയിൽ കറുത്ത വർഗ്ഗക്കാരോട് വിവേചനത്തോടെയല്ലേ പെരുമാറുന്നത്?" മൂന്നാമതൊരാൾ : "നൂറ്റാണ്ടുകളായി പടിഞ്ഞാറൻ നാടുകളിൽ ക്രിസ്തീയത ഉണ്ടല്ലോ. യേശു സമാധാനത്തിന്റെ പ്രഭുവായിട്ടും ഇന്നും യുദ്ധങ്ങളിൽ നിന്ന് ഒരു വിടുതൽ നിങ്ങൾക്ക് നേടാനായില്ലല്ലോ."

ക്രിസ്തീയമെന്ന് അവകാശപ്പെടുകയും അതേസമയം അഴിമതി, വർണവിവേചനം, യുദ്ധക്കൊതി എന്നിവയിൽ നിന്നു മോചനം നേടാതിരിക്കുകയും ചെയ്യുന്ന പാശ്ചാത്യ സംസ്കാരത്തോടുള്ള ഭാരതീയ പ്രതികരണമാണിത്. യേശുവിന്റെ ലാളിത്യത്തിന്റെയും താഴ്മയുടെയും അടയാളങ്ങളൊന്നും ഇല്ലാതിരിക്കെ യേശുവിന്റെ ശരീരമെന്ന് അവകാശപ്പെടുന്ന ഭാരതസഭയോടും ഇന്നു ഭാരതത്തിന്റെ പ്രതികരണം വ്യത്യസ്തമായിരിക്കുകയില്ല. ഭാരതീയർക്ക് യേശു സ്വീകാര്യനായിരിക്കും. പക്ഷേ ഭാരതീയസഭകളോ? സഭകൾ യേശുവിന്റെ ജീവനിൽ ഊന്നുന്നതിനു പകരം സഭയുടെ രൂപത്തിനും ഘടനയ്ക്കും പ്രാധാന്യം നൽകുന്ന

(ശേഷം പേജ് 23-ൽ)

വീക്ഷണം

ഡോ. എം.ഐ. പുന്നൂസ്



മതം, വിശ്വാസം, ആത്മീയത – വിമർശനപരമായ വീണ്ടുവിചാരങ്ങൾ

ഇന്ത്യൻ അവസ്ഥകളിൽ വളരെ അപകടം പിടിച്ച വാക്കുകളാണ് ശീർഷകത്തിലുള്ളത്. മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിലുള്ള കലഹങ്ങൾ ജീവിതം നരകതുല്യമാക്കിയ ദുരിതകാലത്തിലൂടെയാണ് സമൂഹം കടന്നു പോകുന്നത്. പാശ്ചാത്യനാടുകളിൽ ഒരു പക്ഷേ ഈ വാക്കുകൾ ഇന്ത്യയിലേതുപോലെ അപകടകാരികളാവുന്നില്ല. മതം മനുഷ്യനെ ജന്മദീർഘമായി ബന്ധിച്ചിടുന്ന ഇരുമ്പുചങ്ങലയല്ലവിടെ. ഏതു മതത്തിൽ വിശ്വസിക്കാനും ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യമവിടെയുണ്ട്. ഒരു വീട്ടിലുള്ളവർതന്നെ വ്യത്യസ്ത മതവിശ്വാസികളായിരിക്കുന്നത് അവിടെ പുതുമയുള്ള കാര്യമല്ല.

ഇന്ത്യൻ ഭരണഘടനയും ഈ മതേതര മൂല്യസ്വാതന്ത്ര്യം ഉറപ്പു നല്കുന്നുണ്ടെങ്കിലും യാഥാസ്ഥിതിക മതചിന്തകളുടെ ബലിഷ്ഠമായ ഇരുമ്പുകൂടുകൾക്കുള്ളിലാണ് ഇന്ത്യയിൽ പിറവിയെടുക്കുന്ന ഓരോ വ്യക്തിയുടെയും സത്ത രൂപപ്പെടുന്നത്. തന്മൂലം, മാതാപിതാക്കളുടെയും കുടുംബത്തിന്റെയും മതപശ്ചാത്തലത്തിൽ തന്നെ വളരാൻ നിർബന്ധിക്കപ്പെടുന്ന മതസ്വാതന്ത്ര്യമേ ഇന്ത്യൻ സാമൂഹികാവസ്ഥ പൊതുവിൽ ഉറപ്പു നല്കുന്നുള്ളൂ. പൊതുവേ നിശ്ചലമായ ഇന്ത്യൻ സാമൂഹിക ഘടനയുടെ ഗോത്രവർഗ്ഗസ്വഭാവം ഈ സാമ്പ്രദായിക മത വ്യവസ്ഥിതി ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. സ്വേച്ഛാപരമായി പുതിയൊരു മതത്തിലേക്ക് ചുവടു മാറുന്നവരുടെ സംഖ്യ ഇവിടെ നാമമാത്രമാണ്. (കമലാസുരയ്യയായി മതം മാറിയ മാധവിക്കുട്ടിയും അല്പകാലത്തേക്ക് ബുദ്ധമതത്തിലേക്ക് കൂടുമാറിയ ബാലചന്ദ്രൻ ചുള്ളിക്കാടുമൊക്കെ ഈ നാമമാത്ര ഗണത്തിലുണ്ട്). സ്വേച്ഛാപരമായ മതം മാറ്റങ്ങളുടെ നേർക്കുള്ള സമൂഹമനോഭാവം ഇവിടെ അതിഭീകരവും നിന്ദ്യവുമാണ്.

ഇതിനുള്ള ഏറ്റവും നല്ല ദൃഷ്ടാന്തമാണ് ഇന്ത്യയിലരങ്ങേറുന്ന ദുരഭിമാനക്കൊലകൾ. കണ്ണും കരളുമില്ലാത്ത കാട്ടാളത്തമാണ് ഇക്കാര്യത്തിലിവിടെ നടക്കുന്നത്. ജാതിമത ചിന്തകളുമായി ബന്ധപ്പെട്ട് സമൂഹം രൂപപ്പെടുത്തിയ ശ്രേണീവത്കൃത മിഥ്യാധാരണകളാണ് ഇത്തരം പൈശാചിക കൊലപാതകങ്ങൾക്ക് കാരണമാകുന്നത്. ഒരേ മതത്തിനുള്ളിലെ ഉപഗണത്തിൽ പെട്ടവരെപ്പോലും പരസ്പരം പ്രണയിച്ചതിന്റെ പേരിൽ സ്വന്തം മാതാപിതാക്കൾതന്നെ കൊന്നുതള്ളിയ സംഭവങ്ങളുണ്ട്. പരിഷ്കൃതരെന്നഭിമാനിക്കുന്ന മലയാളികൾക്കിടയിലും ദുരഭിമാനക്കൊലകൾ തുടർക്കഥകളാകുന്നുവെന്നതും യാഥാർത്ഥ്യമാണ്.

അധഃസ്ഥിത സമുദായക്കാരനായ പഞ്ചായത്ത് പ്രസിഡന്റിനെ നിലത്തിരുത്തി മറ്റുള്ളവർ കസേരകളിലിരുന്ന് സഭ കൂടിയത് തമിഴ്നാട്ടിൽ നിന്നുവന്ന ശ്രദ്ധേയമായ ഒരു സമീപകാലദൃശ്യമാണ്. അവർണ്ണ ഗണത്തിൽപെട്ടവരോട് ഉത്തരേന്ത്യൻ ഉപരിവർഗ്ഗം കാണിക്കുന്ന ക്രൂരമായ വിവേചനങ്ങളും പീഡനങ്ങളും വിവരണാതീതമാണ്. ജാതിവിവേചനത്തിന്റെ ക്രൂരതകൾക്ക് ഏതെങ്കിലും ഒരു സമൂഹത്തിനു നേരെ മാത്രം വിരൽ ചൂണ്ടുന്നതിൽ അർത്ഥമില്ല. ദളിത് ക്രൈസ്തവരോടുള്ള സുറിയാനി ക്രൈസ്തവ മനോഭാവത്തിലും ഇക്കാ

ര്യത്തിൽ വലിയ അന്തരമൊന്നുമില്ല. പുരോഗമന സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകൾക്ക് പ്രാമുഖ്യമുള്ള സമൂഹികാവസ്ഥയിൽ ഇവിടെ വിവേചനം ശാരീരികാക്രമണങ്ങളിലേക്കോ സാമുദായിക ഭ്രഷ്ട് കല്പിക്കുന്നതിലേക്കോ എത്തുന്നില്ലെന്നു മാത്രം.

മതങ്ങൾ അതിന്റെ അടിസ്ഥാന മൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ച് വാണിജ്യ-അധികാര താല്പര്യങ്ങളോടെ സ്ഥാപനവത്കരിക്കപ്പെടുമ്പോഴാണ് സ്വയം ജീർണ്ണിച്ച് മൃതാവസ്ഥയിലെത്തിച്ചേരുന്നത്. ഇന്ത്യയിലെ സംഘടിതമതങ്ങളെല്ലാം ഇത്തരമൊരു അപചയാവസ്ഥയിലൂടെ പോകുന്നുവെന്നു പറഞ്ഞാൽ അതിൽ അത്യുക്തിയുണ്ടാവാനിടയില്ല. സുഖാസക്തികളിലും സുഖാഢംബരങ്ങളിലും മതിമറന്ന് അപഥസഞ്ചാരം നടത്തുന്ന മതാധിപന്മാരുടെ അരമനരഹസ്യങ്ങൾ ഇന്ന് അങ്ങാടിപ്പാട്ടായിട്ടുണ്ട്. ഉള്ളതുകൊണ്ട് ഭൗതിക ജീവിതസംതൃപ്തി കണ്ടെത്തണമെന്ന് സാധാരണക്കാരനെ ദൈനംദിനം ഉപദേശിക്കുന്ന ഒരു വലിയ പുരോഹിതന്റെ കാറിനുള്ളിൽ വരെ കള്ളപ്പണം സൂക്ഷിച്ചിരിക്കുന്നുവെന്ന വാർത്തയാണ് ഒടുവിൽ വന്നത്. സ്ത്രീപീഡനത്തിന്റെയും ഭൂമിയിടപാടിന്റെയും പേരിൽ കോടതി കയറിയിറങ്ങുന്ന വലിയ ഇടയന്മാരുടെയും കൊച്ചിടയന്മാരുടെയും ഒരു നീണ്ടനിര വേറെയുണ്ട്. മതാധികാര കേന്ദ്രങ്ങളുടെ ജീർണ്ണത അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നുവെന്ന യാഥാർത്ഥ്യത്തിലേക്കാണ് വർത്തമാനകാല സ്ഥിതസാഹചര്യങ്ങൾ കൈ ചൂണ്ടുന്നത്.

മതാധിപന്മാരുടെ ധാർമ്മികഭ്രംശങ്ങൾ ചൂണ്ടിക്കാട്ടിയതുകൊണ്ട് മതങ്ങളൊക്കെ മോശമാണെന്നോ അപ്രസക്തമായെന്നോ ഉള്ള നിരീക്ഷണമിതിലില്ല. മതങ്ങളുടെ സാമൂഹിക പ്രസക്തിയെ കാണാതിരിക്കുന്നുമില്ല. നന്മയുടെയും നൈതികതയുടെയും മൂല്യവത്തായ ജീവിതദർശനം സമൂഹത്തിനു പകർന്നു നല്കുന്നതിൽ മതങ്ങൾ വഹിക്കുന്ന പങ്ക് ആർക്കും നിഷേധിക്കാൻ കഴിയുമെന്നും തോന്നുന്നില്ല. അർത്ഥവത്തായ ജീവിതലക്ഷ്യങ്ങൾ നല്കി അച്ചടക്കത്തിലും സംയമനത്തിലും സമൂഹത്തെ നയിക്കുന്നതിൽ മതങ്ങൾ നല്കുന്ന പ്രേരണ ചെറുതല്ല. സാമൂഹിക ജീവിതം ഏറെക്കുറെ സുരക്ഷിതവും സംഘടിതവുമായി നിലനില്ക്കുന്നതിനു പിന്നിൽ മതങ്ങൾ വഹിക്കുന്ന ക്രിയാത്മകമായ പങ്ക് വളരെ വലുതാണ്. വിധിബോധങ്ങളെയും നീതിവിചാരങ്ങളെയും കുറിച്ചുള്ള മതവിശ്വാസദർശനങ്ങളൊന്നുമില്ലാത്ത ഒരു സമൂഹത്തെക്കുറിച്ച് ചിന്തിച്ചു നോക്കൂ. അരാജകത്വത്തിന്റെയും അസാന്മാർഗ്ഗികതയുടെയും ഒരു കൂത്തരങ്ങായിരിക്കുമത്. നിയമവും കോടതിയും സൈന്യബലവും കൊണ്ടുമാത്രം ആരോഗ്യകരമായ ഒരു സാമൂഹികാവസ്ഥ സൃഷ്ടിക്കാനാവുമെന്ന് തോന്നുന്നില്ല.

മതങ്ങളും മതനേതൃത്വവും അതിന്റെ അടിസ്ഥാന മൂല്യദർശനങ്ങളെക്കുറിച്ചുള്ള വീണ്ടുവിചാരങ്ങൾ നടത്തണമെന്നതു തന്നെയാണ് പ്രധാനമായിട്ടുള്ളത്.

"അടുത്തു നില്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർ-

ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം!"

എന്ന് 'പ്രേമസംഗീത'ത്തിൽ മഹാകവി ഉള്ളൂർ പാടിയതിലെ മതാതീതമായ ആത്മീയദർശനം കാണാതെ പോകരുത്. ഉപദേശവും പ്രവൃത്തിയും (Preaching and practising) ഒത്തുപോകണമെന്നതാണ് പ്രധാനം.

ഇതെഴുതുമ്പോൾ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായിരുന്ന കാലത്തു സംഘടിപ്പിച്ച ഒരു മതമൈത്രീ സംഗമം ഓർമ്മയിലെത്തുന്നുണ്ട്. അയോധ്യപ്രശ്നം വലിയ ചർച്ചാവിഷയമായിരുന്ന കാലത്താണ് അത് നടന്നത്. അക്കാലത്ത് മതമൈത്രീ സംഗമം ഒരു ദൈനംദിന ആചാരപരിപാടിയായിരുന്നു. സംഗതി എളുപ്പമാണ്. എവിടെ നിന്നെങ്കിലും ഒരു അച്ചനെയോ സന്യാസിയെയോ മൊല്ലാക്കയെയോ സംഘടിപ്പിച്ചാൽ പരിപാടി നടത്താം. ഇതിനൊക്കെ എപ്പോഴും തയ്യാറായിരിക്കുന്ന

ഒരുപാട് പേരുണ്ടായിരുന്നതുകൊണ്ട് പ്രോഗ്രാം സംഘടിപ്പിക്കാൻ ഒരു പ്രയാസവുമുണ്ടായില്ല. പക്ഷേ, ഉദ്ഘാടനത്തിന് വിളക്കു കൊളുത്താൻ പറഞ്ഞപ്പോൾ മൊല്ലാക്ക ഇടഞ്ഞു. അതു നമ്മുടെ ഇടപാടല്ലെന്നാണ് മൂപ്പരുടെ പക്ഷം. മതമൈത്രീ സംഗമത്തിനു വന്നിട്ട് ഒരു വിളക്ക് കൊളുത്താൻ പോലുമുള്ള വിശാലതയില്ലാതെ എന്തു മതമൈത്രിയെന്ന് സന്യാസിയും ക്ഷോഭിച്ചു. കൊളുത്താനും കെടുത്താനും തയ്യാറായിരുന്നെങ്കിലും അച്ചനും വിഷണ്ണനായി നില്പായി. പരിപാടി അലങ്കോലമായി അവസാനിച്ചെന്നു പറഞ്ഞാൽ മതിയല്ലോ.

മതമല്ല പ്രശ്നം, മതചിന്തകളുടെ മൂല്യവിചാരം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുണ്ടോയെന്നതാണ് പ്രധാനം. അതു നഷ്ടമാകുന്നതു കൊണ്ടാണ് മതപരവും വംശീയവുമായ സംഘർഷം നമ്മുടെ സമൂഹത്തിൽ സാംസ്കാരിക ഭീതിദാവസ്ഥ സൃഷ്ടിക്കുന്നത്. വിശ്വാസമാണല്ലോ മതചിന്തയുടെ കാതൽ. അത് അന്ധവിശ്വാസമാകരുതെന്നു മാത്രം. വിശ്വാസവും അന്ധവിശ്വാസവും സത്യത്തിൽ ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെ തന്നെയാണ്. യഥാർത്ഥ വിശ്വാസത്തിന് മൂന്ന് തലങ്ങളാണുള്ളത്. ഒന്ന് - അവനവനിൽ തന്നെയുള്ള വിശ്വാസം (Faith in self); രണ്ട് - സമസൃഷ്ടങ്ങളിലുള്ള വിശ്വാസം (faith in fellowmen); മൂന്ന് - ദൈവത്തിലുള്ള വിശ്വാസം (faith in God). ഈ മൂന്നും ഏകോപിപ്പിച്ചെടുക്കുന്നിടത്താണ് വിശ്വാസം അതിന്റെ അർത്ഥസാഫല്യം കണ്ടെത്തുന്നത്.

തനിക്കും തന്റെ കുടുംബത്തിനും വേണ്ടിയല്ലാതെയുള്ള വിചാരപ്പെടലാണ് യഥാർത്ഥ ആത്മീയത. അപരന്റെ ക്ഷേമത്തെക്കുറിച്ചുള്ള നിസ്വാർത്ഥമായ വിചാരപ്പെടലാണത്. സൊദോമും ഗൊമോറയും നശിപ്പിക്കപ്പെടാൻ പോകുന്നുവെന്ന ദൈവഹിതം അറിയുമ്പോൾ എന്തൊരു വീറോടെയാണ് വിശ്വാസികളുടെ പിതാവായ അബ്രാഹാം ദൈവത്തോട് ന്യായവാദം ചെയ്യുന്നത്. ദൈവസൃഷ്ടമായ സകലത്തിനെക്കുറിച്ചുമുള്ള കരുതലാണ് നാമിവിടെ കാണുന്നത്. ആത്മജ്ഞാനത്തിന്റെ ആന്തരാർത്ഥം ആദ്യം അവനവനിൽ തന്നെ അന്വേഷിക്കണമെന്നാണ് ശ്രീബുദ്ധനെയും ശ്രീനാരായണഗുരുവിനെയും മഹാത്മാഗാന്ധിയെയും പോലെയുള്ള മഹാത്മാക്കൾ ആഹ്വാനം ചെയ്തത്.

ഒരൊറ്റ ഈശ്വരചൈതന്യത്തിന്റെ അംശാവതാരങ്ങളാണ് സമസ്തജീവജാലങ്ങളുമെന്ന വിശാലമായ തത്ത്വചിന്തയിലേക്കാണ് എല്ലാ മതങ്ങളുടെയും വിചാരദർശനം വെളിച്ചം വീശുന്നത്. എല്ലാ മതങ്ങളും ഈ വിചാരധാരയുടെ അന്തസ്സത്ത പരിശീലിക്കാൻ അനുയായികളെ പഠിപ്പിച്ചാൽ മതപരമായ എല്ലാ വഴക്കുകളും അതോടെ അവസാനിക്കും.

'ഒന്നല്ലി, നാമയി സഹോദരരല്ലി പൂവേ' - എന്ന് ആശാൻ പാടുമ്പോൾ ('വീണപൂവ്') മനുഷ്യനും സഹജീവജാലങ്ങളും പ്രകൃതിയുമെല്ലാം ഏകോദര ഭാവത്തിൽ ലയിക്കുന്ന യഥാർത്ഥ ആത്മീയതയുടെ ശക്തി സൗന്ദര്യമാണ് നാം അനുഭവിച്ചറിയുന്നത്.

അന്തർമതാത്മകവും (Interreligious) അന്തർവിശ്വാസപരവുമായ (Interfaith) സംവാദങ്ങളിലൂടെ മാത്രമേ ബഹുശതം മതവിശ്വാസങ്ങളും ചിന്താപദ്ധതികളുമുള്ള ഭാരതത്തിൽ ആരോഗ്യകരമായ മതസമന്വയവും സൗഹൃദപരമായ സഹവർത്തിത്തവും സാധ്യമാകുകയുള്ളൂ. സംവാദം അല്ലെങ്കിൽ മരണം (Dialogue or Death) എന്ന കാലത്തിന്റെ ചുവരെഴുത്ത് കാണാതെ പോകരുത്.

സാന്ദർഭിക പ്രസക്തിയുള്ള രണ്ട് ഉദ്ധരണികൾ പരാമർശിച്ച് ഈ ചിന്തകൾ സംക്ഷേപിക്കാം: *"എവിടെ നിയമം അവസാനിക്കുന്നുവോ, അവിടെ അരാജകത്വമാരംഭിക്കും"* (വില്യം പിറ്റ്). *"എവിടെ സമ്പത്ത് കുമിഞ്ഞ് കൂടുന്നുവോ അവിടെ മനുഷ്യൻ ജീർണ്ണിക്കും"* (ഒലിവർ ഗോൾഡ്സ്മിത്ത്) ◎

(പേജ് 8 തുടർച്ച)

മറിയയുടെയും, എലീശബത്തിന്റെയും കണ്ടുമുട്ടൽ വചനനിറവിന്റെ ആഘോഷമായി ത്തീരുന്നു. തകർച്ചകളുടെയും പ്രയാസങ്ങളു ടെയും നടുവിൽ നല്ല സൗഹൃദങ്ങൾക്ക് അല്ലെ ങ്കിൽ കൂട്ടായ്മകൾക്ക് പുതിയ സാധ്യതകളെ തുറക്കാൻ കഴിയും. ഇത് ബന്ധങ്ങളുടെ ഉണർവ്വിനും പരിപോഷണത്തിനും അനിവാര്യ മാണ്. മറ്റുള്ളവരെ അംഗീകരിപ്പാനും ബഹു മാനിപ്പാനും നമുക്ക് കഴിയണം. തന്റെ മുമ്പിൽ നിൽക്കുന്ന യുവതി പ്രായം കുറഞ്ഞവൾ, പ്രത്യേകം മഹിമ ഒന്നും പറയാനില്ല, വിവാഹ ത്തിന് മുമ്പെ ഗർഭിണിയായി; ഇതെല്ലാം അറി ഞ്ഞിരുന്ന എലീശബത്ത് മറിയത്തിന്റെ ഉദര ത്തിൽ വളരുന്ന കുഞ്ഞിനു വഴി ഒരുക്കുന്ന ദാസ്യവേല മാത്രമാണ് തന്റെ കുഞ്ഞിനുള്ള തെന്ന് തിരിച്ചറിയുന്നു.

മറ്റുള്ളവരുടെ കഴിവുകളെയും ശ്രേഷ്ഠത യെയും അംഗീകരിപ്പാനും മറ്റുള്ളവരുടെ സാന്നിദ്ധ്യമോ സഹായമോ നമുക്ക് അനുഗ്ര ഹമാകുന്നുവെങ്കിൽ അത് തുറന്നു പറയു വാനും നാം മടി കാണിക്കരുത്. അനേകം ആളുകളുടെ പ്രാർത്ഥനയും പരിശ്രമവുമാണ് നമ്മുടെ ജീവിതത്തിന്റെ വളർച്ചയ്ക്കും നേട്ട ങ്ങൾക്കും നിദാനം. അങ്ങനെയുള്ളവരെ ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കു കയും ചെയ്യേണ്ടതാണ്.

ആശ്വാസം പങ്കുവെയ്ക്കുന്നു

എലീശബത്തിൽ നിന്ന് ലഭിച്ച ആശ്വാസ വചനങ്ങളാണ് മറിയക്ക് പ്രസിദ്ധമായ മഹത്വീ കരണ ഗാനം പാടുവാൻ ഇടയാക്കിയത്. ദുഃഖ ങ്ങൾ പങ്കുവെയ്ക്കുമ്പോഴാണ് നമുക്ക് ആശ്വാസം ലഭിക്കുന്നത്. നമ്മുടെ സാന്നിദ്ധ്യം കൊണ്ട് മറ്റുള്ളവർക്ക് ആശ്വാസം നൽകുവാൻ കഴിയുന്നുണ്ടോ? മറ്റുള്ളവരുടെ വേദനകൾ മന സ്സിലാക്കുവാൻ നമുക്ക് കഴിയണം. അല്ലാതെ അവരുടെ പോരായ്മകൾ എടുത്തുകാട്ടി അവരെ ഒറ്റപ്പെടുത്തരുത്. "കർത്താവ് നമ്മോ ടാവശ്യപ്പെടുന്നത് കരയുന്നവരോട് കൂടെ കര യുകയും, സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുകയും ചെയ്യണമെന്നാണ്."

എലീശബത്തിനെ മറിയ ആശ്വസിപ്പിക്കു ന്നു, ധൈര്യപ്പെടുത്തുന്നു, പ്രോത്സാഹിപ്പിക്കു ന്നു. മറിയ ചെയ്തതുപോലെ ആശ്വാസത്തി ന്റെയും സമാധാനത്തിന്റെയും സന്ദർശനങ്ങൾ ക്ക് സഭയും വ്യക്തികളും മുൻകൈ എടുക്ക ണം. മറിയ ഏകദേശം 3 മാസം അവിടെ താമ സിച്ച് എലീശബത്തിനെ ശുശ്രൂഷിച്ചു. ആരും തങ്ങളെ സ്നേഹിക്കുന്നില്ല, സഹായിക്കുന്നില്ല എന്ന ചിന്തയിൽ കഴിയുന്നവർ ഇന്ന് അനേക രാണ്. നമ്മുടെ സാന്നിദ്ധ്യവും സഹായവും അവർ ആഗ്രഹിക്കുന്നു. അവർക്ക് നമ്മുടെ സഹായഹസ്തങ്ങൾ നീട്ടിക്കൊടുപ്പാൻ കഴി യണം. ദൈവ വചനത്താൽ പ്രചോദിപ്പിക്കപ്പെ ട്ടവരായി നാം തീർന്നെങ്കിലേ അതിനു വേണ്ട ദൈവിക നടത്തിപ്പ് ലഭിക്കുകയുള്ളൂ. Word of God inspires to inspire. ദൈവവചനം മാത്രമേ നേർപാതയിൽ നമ്മെ നടത്തുകയുള്ളൂ. എത്ര കാലം ഈ ലോകത്തിൽ ജീവിച്ചു അല്ലെങ്കിൽ എന്തുനേടി എന്നതിനെക്കാൾ സംതൃപ്തിയും സന്തോഷവുമുള്ള ജീവിതമാണ് വചനാടിസ്ഥാ നത്തിലുള്ള ജീവിതം. വചനം ദൈവമാകയാൽ വചനം നൽകുന്ന സംതൃപ്തി ദൈവം തരുന്ന സംതൃപ്തിതന്നെയാണ്.

യോഹന്നാൻ യേശുവിങ്കലേയ്ക്ക് ജനത്തെ അടുപ്പിച്ചതുപോലെ നമ്മെ ദൈവത്തിങ്കലേ യ്ക്കും രക്ഷയുടെ അനുഭവത്തിലേയ്ക്കും നട ത്തുന്ന മുഖാന്തിരമായി വചനം തീരേണ്ടതു ണ്ട്. ദൈവവചനത്തിൽ നാം കാണുന്നത്: പിതാവായ ദൈവം സൃഷ്ടി പൂർത്തീകരിച്ച ശേഷം സ്വസ്ഥനായി. അതുപോലെ പുത്ര നായ ദൈവം തന്നെ ഏല്പിച്ച പ്രവൃത്തി തിക ച്ചശേഷം സ്വസ്ഥനായി. നാമും അവന്റെ വച നത്തിൽ ആശ്രയിച്ച് അവന്റെ ഹിതം അനുസ രിക്കുമ്പോൾ സ്വസ്ഥതയിലേക്ക് പ്രവേശിക്കും. ആ വലിയ നിശ്ചയത്തോടെ, ഉറപ്പോടെ നമ്മുടെ ജീവിതയാത്ര തുടരാം. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ പ്രത്യാശാനിർഭര രായി ജീവിക്കുവാൻ ദൈവവചനം നമ്മെ സഹായിക്കട്ടെ. ◎

കൽപ്പടവുകൾ-4

ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ



ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (തുടർച്ച)

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യപ്രകാരവും മനുഷ്യനെ സൃഷ്ടിച്ചു എന്നാണ് ഉല്പത്തിപ്പുസ്തകം 1:26 ൽ കാണുന്നത്. ആറാം ദിവസത്തെ സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യസൃഷ്ടി സംബന്ധിച്ച് വേദപുസ്തക/ഭാഷാപണ്ഡിതന്മാർ നൽകുന്ന വ്യാഖ്യാനം ഏറെ ശ്രദ്ധേയമാണ്. ഹീബ്രൂമൂലത്തിൽ 'ദൈവം ആദത്തെ സൃഷ്ടിച്ചു' (1:27) എന്നാണ്. 'ആദം' 'മനുഷ്യനാ'ണ്. എന്നാൽ 'ആദം' എന്ന പദം അർത്ഥമാക്കുന്നത് മനുഷ്യൻ എന്ന വ്യക്തിയെ അല്ല, മനുഷ്യവർഗ്ഗത്തെയാണ്. വ്യക്തിയെ ഉദ്ദേശിച്ചായിരുന്നു എങ്കിൽ 'ബെൻ ആദം' (മനുഷ്യപുത്രൻ) എന്ന് പറയുമായിരുന്നു. ശരിയായ പരിഭാഷ "ദൈവം മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചു" എന്നോ "ദൈവം മനുഷ്യരെ സൃഷ്ടിച്ചു" എന്നോ ആണ്.

മനുഷ്യനെ (മനുഷ്യരെ, മനുഷ്യവർഗ്ഗത്തെ) പ്പറ്റി 'സൃഷ്ടിയുടെ മകുടം' എന്ന് സാധാരണ പറയാറുണ്ട്. ''ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി''യാണ് അവനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന് സങ്കീ. 8:5-ൽ പറഞ്ഞിരിക്കുന്നു. എന്താണ് 'ദൈവസാദൃശ്യം' എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്? ഇംഗ്ലീഷ് ഭാഷയിൽ 'Likeness' and 'Image of God' എന്നാണ്. പ്രതിച്ഛായയിലും സാദൃശ്യത്തിലും എന്ന് മലയാള പരിഭാഷയുണ്ട്. "Let us make man in our image, after our likeness" എന്ന് പറഞ്ഞുകൊണ്ടാണ് മനുഷ്യസൃഷ്ടി നടത്തുന്നത്. "Us" (നമുക്ക്) വി. ത്രിത്വത്തെ കാണിക്കുന്നു എന്നാണ് പരമ്പരാഗതമായ വ്യാഖ്യാനം. സെന്റ് അഗസ്റ്റിൻ എടുത്തുകാണിക്കുന്ന ഒരു പ്രത്യേകത ശ്രദ്ധയെ ക്ഷണിക്കുന്നതാണ്: മറ്റെല്ലാ സൃഷ്ടികളും ദൈവത്തിന്റെ 'വാക്കു'കൊണ്ടാണ് ഉണ്ടായത്; എന്നാൽ മനുഷ്യസൃഷ്ടി നടത്തിയത് തന്റെ വാക്കുകൊണ്ട് സൃഷ്ടിച്ചവയിൽ നിന്ന് സ്വന്തം കൈ കൊണ്ട് മെനഞ്ഞുണ്ടാക്കി സ്വന്ത ജീവശ്വാസം ഊതി ജീവൻ നൽകിയാണ്. സർവ്വവും മനുഷ്യരാശിയുടെ ഉപയോഗത്തിനായി നൽകുകയും ചെയ്തിരിക്കുന്നു. മാത്രവുമല്ല, കേവലം 'ദൈവഛായയില'ല്ല ദൈവഛായയായിട്ടു തന്നെയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ദൈവത്തോട് അവിടുത്തെ ചിത്രം കാണിക്കണമെന്ന് ആവശ്യപ്പെട്ടാൽ മനുഷ്യനെ കാണിച്ചുകൊണ്ട് അവിടുത്തേക്ക് പറയുവാൻ സാധിക്കും, "ഇതാ എന്റെ ചിത്രം"! ഈ പ്രതിഛായ പൂർണ്ണമായും പ്രതിഫലിക്കുന്നത് യേശുക്രിസ്തുവിലാണ് എന്ന് വി. പൗലൊസ് സാക്ഷിക്കുന്നു: "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (കൊലൊസ്യർ 1:15-16) [He is the image of the invisible God, the first born of all creation; for in him all things were created, in heaven and on earth, visible and invisible, whether thrones or dominions or principalities or authorities - all things were created through him and for him. He is before all things, and in him all things hold together]

ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും സംബന്ധിച്ച് ചില സഭാപിതാക്കന്മാർ നൽകുന്ന വ്യാഖ്യാനങ്ങളും ഇവിടെ പരിചിന്തനത്തിന്

വിധേയമാക്കുന്നത് നന്നായിരിക്കുമല്ലോ. എന്താണ് ഇവ (Image and Likeness) തമ്മിലുള്ള ബന്ധം അല്ലെങ്കിൽ വ്യത്യാസം? ഗ്രീക്കുഭാഷയിൽ 'Image' എന്നുള്ളതിന് 'Icon' – 'ഐക്കൺ' – എന്ന പദമാണ് ഉപയോഗിക്കുന്നത്. സഭാപിതാക്കന്മാരുടെ ദൃഷ്ടിയിൽ 'image' - ഉം 'likeness' - ഉം തമ്മിൽ വ്യത്യാസമുണ്ട്. ജോൺ ഓഫ് ഡമാസ്കസ് പറയുന്നു: സ്വരൂപം (image) സൂചിപ്പിക്കുന്നത് യുക്തിചിന്തനത്തിനുള്ള കഴിവിനെയും സ്വാതന്ത്ര്യത്തെയുമാണ്; എന്നാൽ സാദൃശ്യം ദ്യോതിപ്പിക്കുന്നത് സദ്ഗുണങ്ങളിൽകൂടി ദൈവത്തോടുള്ള സാത്മീകരണമാണ് ("The expression 'according to the image' indicates rationality and freedom, while the expression 'according to the likeness' indicates assimilation to God through virtue." മൃഗങ്ങളിൽ നിന്ന് നമ്മെ വ്യത്യസ്തമാക്കുന്ന യുക്തിസഹജമായ ചിന്താശക്തി, ധാർമ്മികബോധം, ദൈവത്തോടുള്ള വിധേയത്വം ഇവയെല്ലാം സ്വരൂപത്തിന്റെ ഭാഗങ്ങളാണ്. 'ദൈവമക്കൾ' (അപ്പൊ. പ്രവൃത്തികൾ 17:28, 1 യോഹ. 3:1) എന്ന നിലയിലുള്ള ബന്ധമാണ് ദൈവവുമായി ഉണ്ടാകേണ്ടത്. ഈയൊരു ദൈവിക സംസർഗ്ഗമാണ് പ്രധാനം. ദൈവസ്വരൂപത്തിന്റെ അടിസ്ഥാന ഗുണങ്ങൾ നാം യഥായോഗ്യം പ്രയോജനപ്പെടുത്തുമ്പോഴാണ് ദൈവത്തിന്റെ പരിശുദ്ധാത്മ പ്രവർത്തനം നമുക്കുണ്ടാകുന്നത്. അപ്പോൾ ദൈവികമായ സൽഗുണങ്ങൾ നമ്മിൽ പ്രബലപ്പെട്ടുവരുന്നു. അത് ദൈവസാദൃശ്യത്തിലേക്ക് നമ്മെ നയിക്കുന്നു. സ്വന്തപാപം മൂലം മനുഷ്യനിലുള്ള ദൈവസാദൃശ്യം നഷ്ടപ്പെടുന്നു; ഇല്ലാതാവുന്നു. എന്നാൽ ഒരിക്കലും ദൈവസ്വരൂപം (image) ഇല്ലാതാവുന്നില്ല.

ആദം തന്റെ ജീവിതം ആരംഭിച്ചത് നിർമ്മല ഹൃദയത്തോടെയാണ്. അവൻ ദൈവശബ്ദം കേട്ടിരുന്നു. നിരന്തരമായ ദൈവ സംസർഗ്ഗത്തിലായിരുന്നു ജീവിച്ചത്. വി. ഐറേനിയസ് പറയുന്നതുപോലെ, പക്ഷേ അവൻ തന്റെ ധാരണയുടെ പൂർണ്ണതയിൽ എത്തിയിരുന്നില്ല. അതുകൊണ്ട് ഏദൻതോട്ടത്തിൽ നിന്ന് സാദൃശ്യം നഷ്ടപ്പെട്ടവനായി പുറന്തള്ളപ്പെട്ടു. വാസ്തവത്തിൽ അത് അവൻ ദൈവിക സംസർഗ്ഗത്തിന്റെ പൂർണ്ണതയിലേക്ക് വളരാൻ വേണ്ടിയായിരുന്നു.

“ദൈവരാജ്യം നിങ്ങളുടെ ഇടയിൽ (within you) തന്നെയുണ്ട്” (വി. ലൂക്കോസ് 17:21) എന്നാണ് കർത്താവ് അരുളിച്ചെയ്തത്. ഋഷിവര്യനായ ഈജിപ്തിലെ വി. അന്തോണിയോസ് പറഞ്ഞു: 'സ്വയം അറിയുന്നവൻ ദൈവത്തെ അറിയുന്നു." സന്യാസപ്രസ്ഥാനത്തിന്റെ ആരംഭകരിലൊരാളായ വി. പക്കോമിയോസിനെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'നിർമ്മലമായ തന്റെ ഹൃദയത്തിൽ ഒരു കണ്ണാടിയിലെന്നതുപോലെ അദ്ദേഹം ദൈവത്തെ കണ്ടു.' നാം സ്വയം അറിയുന്നതുപോലെ മറ്റുള്ളവരിലും ദൈവത്തെ കാണാൻ പഠിക്കണം. “നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.” (1 യോഹ. 4:12). “താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്നീ കല്പന നമുക്ക് അവങ്കൽ നിന്ന് ലഭിച്ചിരിക്കുന്നു” (1 യോഹ. 4:20–21).

ദൈവസ്വരൂപത്തിന്റേയും സാദൃശ്യത്തിന്റേയും ഒരു സാധർമ്മ്യം (analogy) വി. ഗ്രിഗറി നാസിയാൻസസ് നല്കുന്നത് ഇങ്ങനെയാണ്: പക്ഷിമൃഗാദികൾക്കും മനുഷ്യനും ശരീരവും അവയവങ്ങളും ഉണ്ട്. ഓരോന്നിനും അതാതിന്റേതായ പരസ്പരബന്ധിതമായ പ്രവർത്തനങ്ങളുമുണ്ട്. എന്താണ് കൈകളുടെ ധർമ്മം? മൃഗങ്ങൾ സ്വയം താങ്ങാൻ (support) കൈകൾ ഉപയോഗിക്കുന്നു; പക്ഷികൾ സ്വന്തം ശരീരത്തെ താങ്ങി പറക്കാനുള്ള ചിറകായി പ്രയോജനപ്പെടുത്തുന്നു; മത്സ്യം നീന്താനുപയോഗിക്കുന്നു. എന്നാൽ മനുഷ്യനോ? മറ്റുള്ളവരെ വഹിക്കാനും ഉപയോഗിക്കുന്നു. ആത്മശരീരമനസ്സുകളുള്ള മനുഷ്യവ്യക്തി (Person) മറ്റുള്ളവരെ സ്നേഹിച്ചും വഹിച്ചും സഹായിച്ചും ജീവിക്കുമ്പോഴാണ് ദൈവേഷ്ടം നിറവേറ്റപ്പെടുന്നത്. (തുടരും)

യുവലോകം - 67

ഫാ. ഡോ. തോംസൺ റോബി



"വിവേകമുള്ളവരായി നാം മാറണം"

വിദ്യാഭ്യാസവും വിവേകവും വർദ്ധിക്കുന്നതിനനുസരിച്ച് വിവരമില്ലായ്മയും വർദ്ധിക്കുന്നതായി തോന്നിപ്പോവുകയാണ്. സ്വർണ്ണക്കടത്തും മതത്തിന്റെ പേരിലുള്ള അധാർമ്മികതയും മായം ചേർക്കലും എല്ലാം ഇന്ന് സർവ്വസാധാരണമാണ്. മതം മനുഷ്യനെ വിവേകത്തോടെ ജീവിക്കാനുള്ള വഴി കാട്ടണം എന്ന പൊതുതത്വം വിസ്മരിക്കപ്പെടുന്നു. ആത്മികതയില്ലാത്ത മതത്തിന്റെ സ്വാധീനം പരസ്പരം പോരടിക്കുവാനും ഭൗമിക സ്വത്തുക്കൾ വെട്ടിപ്പിടിക്കുവാനും വിശ്വാസികളെ പ്രേരിപ്പിക്കുന്നു. "ദൈവം ഇതുകണ്ട് കരയുന്നു" എന്ന് തോന്നിപ്പോകും.

'ഭരണഘടന' ഒരു രാജ്യത്തിന്റെ ആത്മാവാണ്. ആ ആത്മാവാകുന്ന ഭരണഘടനയെ സാക്ഷിനിർത്തി ചുമതലയേൽക്കുന്ന മന്ത്രിമാരും ജനപ്രതിനിധികളും അതിന്റെ അന്തഃസത്തയെ ധ്വംസിക്കുന്നത് വിവേകശൂന്യമാണ്. സ്വജനപക്ഷപാതവും, ബന്ധുനിയമനവും, കള്ളക്കടത്തും, വെട്ടിപ്പും മോഷണവും കൈമുതലാക്കിയ രാഷ്ട്രീയമേഖല രാജ്യത്തിന്റെ ആത്മാവിനെത്തന്നെ തകർത്തു കളഞ്ഞിരിക്കുകയാണ്. വളരെ പ്രതീക്ഷയോടെ ജനം തെരഞ്ഞെടുത്തു വിടുന്ന ജനപ്രതിനിധികൾ സ്വന്തം കീശ വീർപ്പിക്കുക മാത്രമല്ല, മറിച്ച് രാജ്യത്തെത്തന്നെ ബാഹ്യശക്തികൾക്കു മുമ്പിൽ അടിയറ വയ്ക്കുന്നതു കണ്ട് "പൊതുജനം എന്ന കഴുത" നെടുവീർപ്പിടുകയാണ്. ആധുനിക തലമുറ വിദ്യാഭ്യാസവും വിവേകവും ഉള്ളവരാകണം എന്ന് സ്വപ്നം കണ്ട നമ്മുടെ പൂർവ്വപിതാക്കന്മാരുടെ കണ്ണുകൾ ഇതെല്ലാം കണ്ട് നിറയുന്നുണ്ടാവണം.

മായം ചേർക്കൽ കഠിനമായ കുറ്റമാണെങ്കിലും ഇന്ന് ഉപ്പുതൊട്ട് കർപ്പൂരം വരെ സകലത്തിലും മായം ഉണ്ട്. വളർച്ചയെത്താത്ത ഫലങ്ങൾ പറിച്ച് കൂട്ടിയിട്ട് കാൽസ്യം കാർബൈഡ് വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുന്നതിന്റെ അനന്തരഫലം ശ്വാസകോശസംബന്ധമായ രോഗങ്ങൾ, ആമാശയരോഗങ്ങൾ, ക്യാൻസർ മുതലായവയാണ്. വാഴക്കുല പഴുപ്പിക്കാൻ ഉപയോഗിക്കുന്ന അമോണിയ പരലുകൾ കായ്കൾക്ക് വലിപ്പവും നിറവും നല്കുന്നു എങ്കിലും അത് മനുഷ്യനിൽ മാരകമായ ഉദരരോഗം സൃഷ്ടിക്കും. കീടനാശിനികളും മറ്റും ഭക്ഷണത്തിലൂടെ മനുഷ്യന്റെ ഉള്ളിൽ ചെന്നാൽ കരൾ, വൃക്കകൾ എന്നിവ തകരാറിലാകാൻ ഇടയാകും. കരൾരോഗവും, കിഡ്നിരോഗവും പതിന്മടങ്ങ് വർദ്ധിക്കുവാൻ കാരണം മായം ചേർത്ത ഭക്ഷ്യവസ്തുക്കളുടെ ഉപഭോഗം കൊണ്ടാണ് എന്ന് തിരിച്ചറിയുവാൻ ഇന്ന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

മനുഷ്യൻ ചെയ്തുവച്ചിട്ടുള്ള ചില പ്രവൃത്തികൾ പ്രകൃതിയുടെ താളം തന്നെ തെറ്റിച്ചിരിക്കുകയാണ്. വയലുകൾ നികത്തി വീടു വയ്ക്കുക, കുന്നുകൾ ഇടിച്ചു പാറ ഖനനം ചെയ്യുക, കണ്ടൽക്കാടുകൾ വെട്ടി നശിപ്പിക്കുക, വന നശീകരണം മുതലായി എത്ര വിനാശകരങ്ങളായ പ്രവൃത്തികളാണ് മനുഷ്യൻ ചെയ്യുന്നത്. തന്മൂലം പ്രകൃതിതന്നെ പ്രതികരിക്കുകയാണ്. മഴയും വേനലും പ്രവചിക്കാ

നാവാത്ത വിധം മാറുന്നു. തന്മൂലം കർഷകന് നല്ല രീതിയിൽ കൃഷിയിറക്കുവാൻ കഴിയാതെ വരുന്നു. മനുഷ്യാവകാശം എല്ലാവർക്കും തുല്യ മാണ്. എന്നാൽ ഓരോരുത്തരും അവനവന്റെ സ്വാതന്ത്ര്യം ഇഷ്ടംപോലെ വിനിയോഗിക്കുക യാണ്. ഇത്തരത്തിലുള്ള പ്രകൃതി നിയമലം ഘനം ചെന്നെത്തുന്നത് മനുഷ്യന്റെ നാശത്തി ലേക്കായിരിക്കും.

അറിവ് കൂടുന്നതോടൊപ്പം ചൂഷണവും അത്യാഗ്രഹവും കൂടുകയാണ്. അപ്പോൾ വിദ്യാ ഭ്യാസം എന്നാൽ എന്താണ്? വാക്കിൽ നിന്ന് ലഭിക്കുന്ന അർത്ഥമല്ല വിവക്ഷിതം. എല്ലാവിധ അടിമത്തത്തിൽ നിന്നുമുള്ള മോചനമാണ് വിദ്യാഭ്യാസം. വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന നാരായണഗുരുവിന്റെ വാക്യം വളരെ ശ്രദ്ധേയമാണ്. 'പ്രബുദ്ധമാകുക' എന്നുപറ ഞ്ഞാൽ മാനസികമായും ശാരീരികമായും ഉണരുക എന്നാണ്. മനസ്സിനെ ബാധിച്ചിരി ക്കുന്ന ബൗദ്ധിക അടിമത്തത്തിൽ നിന്നുള്ള മോചനമാണ് വേണ്ടിയിരിക്കുന്നത്. നാം എല്ലാ അടിമത്തത്തിൽ നിന്നും മോചിതരാകാനാണ് വിദ്യകൊണ്ട് ശ്രമിക്കേണ്ടത്. എന്നാൽ ഇന്ന് വിദ്യാഭ്യാസം വർദ്ധിക്കുന്നതിനനുസരിച്ച് വിവേ കപൂർവ്വമായ പ്രവർത്തനം വർദ്ധിക്കുന്നില്ല എന്നത് സത്യമല്ലേ? ചൂഷണവും പ്രകൃതി നശീ കരണവും, പൂഴ്ത്തിവയ്പും, കീടനാശിനി പ്രയോഗവും, സ്വജനപക്ഷപാതവും എല്ലാം ഈ വിവരക്കേടിന്റെ നേർസാക്ഷ്യമാണ്.

മനുഷ്യൻ തിരിച്ചറിവുള്ളവനാകണം. താൻ ആരാണെന്ന ഉള്ളറിവും മറ്റുള്ളവർ ആരൊ ക്കെയെന്ന തിരിച്ചറിവും വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകണം. മനസ്സിന്റെ വെളിച്ചമാണ് സംസ്കാരവും വിവേകവും. മനസ്സിന്റെ വെളിച്ചം നഷ്ടപ്പെട്ടവർ മാരകമായ വിഷങ്ങൾ ഭക്ഷ്യസാധനങ്ങളിൽ ഉപയോഗിക്കുമ്പോൾ മറ്റു ള്ളവരുടെ ആരോഗ്യത്തെ നശിപ്പിച്ചാണ് ധനം സമ്പാദിക്കുന്നത് എന്ന തിരിച്ചറിവില്ലാതെയാ ണ് പ്രവർത്തിക്കുന്നത്. പ്രകൃതിയെ സംരക്ഷി ക്കേണ്ടവർ അതിനെ ചൂഷണം ചെയ്യുമ്പോൾ അത് വിവേകശൂന്യതയാണ്. ഒരു സമൂഹം ശ്രേഷ്ഠമാകണമെങ്കിൽ അതിലെ അംഗങ്ങൾ നന്മയുള്ളവരാകണം. ആ നന്മ നഷ്ടപ്പെടുമ്പോ ഴാണ് മനുഷ്യൻ പ്രകൃതിയെയും സഹ ജീവികളെയും ചൂഷണം ചെയ്യുന്നത്.

"മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേക ഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ'' എന്ന ബൈബിൾ വാക്യം ഓർക്കുക. വിവേകം നഷ്ടപ്പെട്ടാൽ മനുഷ്യൻ മൃഗതുല്യനായി മാറും എന്ന് തിരുവചനം ഓർമ്മിപ്പിക്കുന്നത് ഇന്നത്തെ മനുഷ്യനെപ്പറ്റി യാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അബ്ദുൾ കലാം പറഞ്ഞിട്ടുള്ളതുപോലെ ആരും ഇതുവരെ സഞ്ചരിച്ചിട്ടില്ലാത്ത വഴിയി ലൂടെ സഞ്ചരിക്കുവാനും വിജയിക്കുവാനുമുള്ള ധൈര്യമാണ് യുവാക്കൾക്കു വേണ്ടത്. വ്യത്യ സ്തമായി ചിന്തിക്കുവാനുള്ള ധൈര്യവും ഉണ്ടാകണം. കാലത്തിനൊത്ത് ജീവിക്കുകയല്ല മറിച്ച് വ്യക്തമായ ബോധത്തോടെ ഒഴുക്കിനെ തിരെ നീന്തുകയാണ് വിദ്യകൊണ്ട് നേടേണ്ടത്.

ചുരുക്കത്തിൽ, വിദ്യാഭ്യാസം ആർജ്ജി ക്കുന്ന യുവതലമുറ ഇന്നത്തെ പല അധാർമ്മി കതകളോടും വിവേകത്തോടെ പ്രതികരിക്കു വാൻ കഴിയുന്നവരാകണം. പ്രകൃതിയെയും സഹജീവികളെയും ചൂഷണം ചെയ്ത് വളരു ന്നതല്ല വികസനം. മറിച്ച് എന്നെപ്പോലെ തന്നെയാണ് എന്റെ അയൽക്കാരനും എന്ന ചിന്ത നമ്മിൽ വളരണം. ആ വിവേകപൂർവ്വ മായ സമീപനമാണ് വിദ്യ ആർജ്ജിക്കുന്നതി ലൂടെ നേടേണ്ടത്. 'സഹകരണം' എന്ന പാതയിലൂടെ വിജയം കണ്ടെത്തണം. വിദ്യാ ഭ്യാസം വർദ്ധിക്കുന്നതോടൊപ്പം തിരിച്ചറിവിന്റെ പാഠങ്ങൾ ഉൾക്കൊണ്ട്, വിവേകമുള്ള തലമുറ യായി നാം മാറണം. ◎

പ്രവാചകന്മാർ – 5

പ്രൊഫ. മാത്യു കോശി



യിസ്രായേൽ മക്കളുടെ അനിഷേധ്യനായകൻ – മോശെ എന്ന പ്രവാചകൻ

(തുടർച്ച)

ലേവി ഗോത്രത്തിൽ ലേവിയുടെ കൊച്ചു മകനായ അമ്രാമിന്റെ ഇളയ പുത്രനായി മിസ്രയേമിൽ വച്ച് ജനിച്ചവനാണ് മോശെ. ഏറ്റം ദീർഘമായി വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പഴയനിയമ കഥാ പാത്രമാണ് ഇദ്ദേഹം. പുറപ്പാടു പുസ്തകം 2-ാം അദ്ധ്യായം മുതൽ ആവർത്തനപുസ്തകത്തിലെ അവസാന അദ്ധ്യായം (34) വരെ ഈ ചരിത്രം നീണ്ടു നിൽക്കുന്നു. ചരിത്രകാരന്മാരുടെ നിഗമനം അനുസരിച്ച് മോശെ എഴുതിയ പഞ്ചഗ്രന്ഥങ്ങളിൽ നാലെണ്ണമാണ് ഇവ. ആറു ലക്ഷം പുരുഷന്മാർ ഉൾപ്പെട്ട ഒരു വലിയ ജനത്തെ 40 വർഷം മരുഭൂമിയിൽ കൂടെ നയിച്ചു എന്നത് എത്ര ദുഷ്കരമായ ഒരു പ്രവൃത്തിയാണ്, പ്രത്യേകിച്ച് നാം അനുഭവിക്കുന്ന ആധുനിക സംവിധാനങ്ങൾ ഒന്നും ഇല്ലാതിരുന്ന പുരാതനകാലത്ത്.

മോശെ എന്ന പേര്

ഈ പദത്തിന് 'എടുക്കപ്പെട്ടവൻ' എന്നും 'ജലത്തിൽ നിന്നും രക്ഷിക്കപ്പെട്ടവൻ' എന്നും അർത്ഥമുണ്ട്. പുറപ്പാട് 2-ാം അദ്ധ്യായം 10-ാം വാക്യം അനുസരിച്ച് 'വെള്ളത്തിൽ നിന്ന് വലിച്ച് എടുക്കപ്പെട്ടവൻ' എന്ന അർത്ഥം കാണാം. ഫറവോന്റെ പുത്രിയാണ് ഈ നാമം നൽകുന്നത്. യിസ്രായേൽ മക്കൾക്ക് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ കൊല്ലണമെന്ന ഫറവോന്റെ കല്പനയെ മറുത്തുകൊണ്ടാണ് ഈ ബാലൻ രാജകൊട്ടാരത്തിൽതന്നെ വളർത്തപ്പെടുന്നത്.

മോശെയുടെ ജീവചരിത്രത്തിലെ മൂന്നു സുപ്രധാന ഭാഗങ്ങൾ

മോശെയുടെ ആയുസ്സ് ആകെ 120 വർഷം എന്ന് കാണുന്നു (ആവ. 34:7). ഈ കാലത്തെ മൂന്ന് തുല്യ ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു എന്നത് വെറും യാദൃശ്ചികമല്ല. വ്യക്തമായി വേർതിരിച്ചിരിക്കുന്ന മൂന്ന് 40 വർഷങ്ങൾ. ദൈവിക പദ്ധതിയുടെ അസാധാരണമായ മൂന്നു ഘട്ടങ്ങൾ, പരസ്പരം താരതമ്യമില്ലാത്ത മൂന്ന് അവസ്ഥകൾ. ഒന്നിന് മറ്റൊന്നിനോട് ബന്ധമില്ല എന്ന് തോന്നാം എങ്കിലും വളരെ ചിട്ടയായി ദൈവം ഒന്നിൽനിന്ന് അടുത്തതിലേക്ക് മോശെയെ കൈപിടിച്ചു നടത്തുകയാണ്. ഒരു ഘട്ടത്തിലെ പരിശീലനം അടുത്ത ഘട്ടത്തിൽ ഉപയുക്തമായി. ഈ മൂന്ന് 40 വർഷക്കാലങ്ങളും വളരെ വ്യക്തമായി അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 7-ാം അദ്ധ്യായത്തിൽ കാണാവുന്നതാണ്.

ഒന്നാംഘട്ടം

ആദ്യത്തെ 40 വർഷം ഫറവോന്റെ കൊട്ടാരത്തിൽ രാജകുമാരനെപ്പോലെ വളർത്തപ്പെടുന്നു. ഒരുപക്ഷെ ഫറവോന്റെ സിംഹാസനത്തിന്റെ അവകാശിയാകുവാൻ സാദ്ധ്യതയുള്ള ആളായിരുന്നു മോശെ. രാജകൊട്ടാരത്തിൽ നിന്ന് പ്രാണഭയ

ത്താൽ ഓടിപ്പോകുമ്പോൾ മോശെയുടെ പ്രായം 40 വയസ്സ്.

രണ്ടാംഘട്ടം

യിത്രോവിന്റെ ആടുകളെ മേയിച്ചുകൊണ്ട് മിദ്യാനിൽ പാർത്ത 40 വർഷം. ആടിനെ മേയിച്ചു നടക്കുന്ന ഈ ഘട്ടത്തിന്റെ അവസാനം ദൈവം വ്യക്തമായ നിർദ്ദേശം മോശെക്ക് നൽകുന്നതായി കാണാം. ദൈവത്തിന്റെ പദ്ധതിയിൽ പങ്കുചേരുവാൻ മോശെ തന്നേത്തന്നെ സമർപ്പിക്കുന്നു.

മൂന്നാംഘട്ടം

മിദ്യാനിൽ നിന്ന് മിസ്രയേമിലേക്ക് മടങ്ങുന്ന മോശെയുടെ പ്രായം 80 വയസ്സ്. അവിടെ നിന്നും യിസ്രയേൽ മക്കളെ വിടുവിച്ച് മരുഭൂമിയിൽകൂടി നടത്തി തന്റെ മരണം വരെയുള്ള 40 വർഷം ഉൾപ്പെടുന്നതാണ് മൂന്നാമത്തെ ഘട്ടം.

ആയുസ്സിനെപ്പറ്റിയുള്ള മോശെയുടെ ദർശനം

90-ാം സങ്കീർത്തനത്തിൽ മോശെ എഴുതിയത് ഇപ്രകാരമാണല്ലോ: “ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു സംവത്സരം; ഏറെയായാൽ എൺപതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ; അതു വേഗം തീരുകയും ഞങ്ങൾ പറന്നു പോകയും ചെയ്യുന്നു” (സങ്കീ. 90:10).

എന്തുകൊണ്ടാണ് ആയുസ്സ് 80 വർഷം വരെ മതിയെന്ന് അർത്ഥം വരുന്നതുപോലെ മോശെ എഴുതിയിരിക്കുന്നത്? ദൈവിക പദ്ധതിയിലെ മൂന്നാം ഘട്ടത്തിലാണ് മോശെ ഏറ്റം കൂടുതൽ അധ്വാനിച്ചത്. ക്ഷിപ്രകോപിയായ മോശെ ക്ഷമയുടെ മൂർത്തീഭാവമായി ആടിനെ മേയിച്ച് ശാന്തനായി ജീവിക്കുമ്പോഴാണ് ആ വലിയ ദൗത്യത്തിന് നിയോഗിക്കപ്പെടുന്നത്. അവസാന 40 വർഷം മോശെ അനുഭവിച്ച മനോവേദനയും വിഷമസന്ധികളും ഓർത്താൽ ഏതു മനുഷ്യനും 80 വർഷം ആയുസ്സ് മതി എന്ന് പറഞ്ഞുപോകും. ഒരു ഘട്ടത്തിൽ മോശെ യഹോവയോട് ചോദിക്കുന്നത് “മുല കുടിക്കുന്ന ഒരു കുഞ്ഞിനെ ഒരു ധാത്രി എടുക്കുന്നതുപോലെ ഞാൻ അവരെ നീ അവരുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്തേക്ക് എന്റെ മാറത്തെടുത്തുകൊണ്ടു പോകേണമെന്ന് എന്നോടു കല്പിപ്പാൻ ഈ ജനത്തെ ഒക്കെയും ഞാൻ ഗർഭം ധരിച്ചുവോ? ഞാൻ അവരെ പ്രസവിച്ചുവോ?” (സംഖ്യ. 11:12). എത്രയോ തവണ മോശെ ദൈവത്തോട് പരിഭവിക്കുകയും പ്രാർത്ഥിക്കുകയും കേണപേക്ഷിക്കുകയും ഒക്കെ ചെയ്ത കാലമാണ് ഈ 40 വർഷം.

മോശെയുടെ ജീവിതത്തിലെ അവസാന 40 വർഷം എത്ര ധന്യമായിരുന്നു! യഹോവയുടെ നിർദ്ദേശപ്രകാരം പിസ്ഗായുടെ മുകളിൽ നിന്ന് മോശെ കനാൻദേശം നോക്കിക്കാണുന്നു. അവിടെവച്ച് അവൻ നിദ്ര പ്രാപിച്ചു. ദൈവം അവനെ അവിടെ മോവാബ് സമദേശത്ത് ബേത്ത്പെയോരിന്നെതിരെയുള്ള താഴ്വരയിൽ അടക്കി. “മോശെ മരിക്കുമ്പോൾ അവന് 120 വയസ്സായിരുന്നു. അവന്റെ കണ്ണു മങ്ങാതെയും ദേഹബലം ക്ഷയിക്കാതെയും ഇരുന്നു. യിസ്രായേൽ മക്കൾ മോശെയെക്കുറിച്ച് മോവാബ് സമഭൂമിയിൽ മുപ്പതു ദിവസം കരഞ്ഞുകൊണ്ടിരുന്നു” (ആവ. 34:7-8).

“യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല” (ആവ. 34:12). ദൈവം തന്നെ മോശെയെ പർവ്വതത്തിന്റെ മുകളിൽ അടക്കി. അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും കണ്ടിട്ടില്ല. എത്ര ശ്രേഷ്ഠമായ അന്ത്യം! സഫലമീ ജീവിതം എന്ന് അടിവരയിട്ട് എഴുതാം. (തുടരും)

ക്രിസ്തുമസ്സ് ഗീതം

ഡോ. ടി. ജോൺ ജോർജ്

പുൽക്കൂട്ടിൽ പൊന്നുണ്ണി പിറന്നു



പുൽക്കൂട്ടിൽ പൊന്നുണ്ണി പിറന്നു
ദൈവത്തിൻ പ്രിയസുതൻ ഉണ്ണിയീശോ;
ബതലേമിൽ പണ്ടൊരു പാതിരാവിൽ
മഞ്ഞു പൊഴിഞ്ഞിടും യാമമതിൽ;
കാലിത്തൊഴുത്തിൽ എളിമതൻ രൂപമായ്
വന്നു പിറന്നല്ലോ യേശുനാഥൻ...

രക്ഷകൻ പിറന്നൊരു നല്ല വാർത്ത
ആട്ടിടയന്മാർക്ക് ദൂതനേകി;
അവരോടിയണഞ്ഞുണ്ണിക്കു ചുറ്റും,
രക്ഷകനേ വാഴ്ത്തിപ്പാടിയവർ;
മാലാഖ വൃന്ദമോ ചുറ്റും നിരന്ന്
ആനന്ദഗാനങ്ങൾ പാടി നിന്നു...

കിഴക്കുനിന്നെത്തിയ ജ്ഞാനികൾക്ക്
ദിവ്യമാം താരകം വഴികാട്ടിയായി;
അവരെല്ലാമേ ഭയഭക്തിപൂർവം
ഉണ്ണിയെ വാഴ്ത്തി വണങ്ങിനിന്നു;
പൊന്നും മീറയും കുന്തിരിക്കവും
തിരുമുൽക്കാഴ്ചകളായവർപ്പിച്ചു...

(പേജ് 12 തുടർച്ച)

കാലഘട്ടമാണിത്. ഫലം സഭയുടെ ജീവൻ നഷ്ടപ്പെടുന്നു. അതു പൊള്ളയായ ഒരു ചട്ടക്കൂടു മാത്രമായി അധഃപതിക്കുന്നു! ഇതല്ലേ സഭകൾ നേരിടുന്ന യഥാർത്ഥ പ്രതിസന്ധി? ഇന്ന് അതു തിരിച്ചറിഞ്ഞു സഭകൾ തങ്ങളെത്തന്നെ ക്രമപ്പെടുത്തുകയും ക്രിസ്തുവിന്റെ ജീവനെ മാത്രം പ്രതിഫലിപ്പിക്കുവാൻ തയ്യാറാവുകയും ചെയ്യുമോ? എങ്കിൽ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സമാധാനവും" ഉണ്ടാകും.


ഓർത്തിരിക്കേണ്ട ദൈവവചനം : *"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും"* (മത്തായി 5:9).

(കടപ്പാട് : "അനന്തമാം ദൈവസ്നേഹം") ◎

Pilgrimage

Fr. Dr. K.M. George

LOOK HE IS COMING...



"To give light to those who sit in darkness and in the shadow of death".

We, human beings, live by hope. It is the driving force of life. A student hopes to complete the course and pass all exams. A patient hopes to regain health. A farmer hopes to get a good yield. A merchant hopes to get a handsome profit. A poor person hopes for prosperous days. An employee hopes for a promotion or a better salary. A writer hopes for fame. Parents hope for their children to be successful in life. A person who goes to bed at night hopes for the dawn.......

There is no end to hope... No hope, no life... Only human beings are hopeful and conscious of the future. No animal or bird can conceive of a distant future as we humans can. Human consciousness of the future is constituted by hope of some sort. Now the whole world is hoping for the end of COVID-19 pandemic and the return to the "normal".

Advent is the season of intense hope. It is the hope for the One Who Comes. We pray every day "Blessed is the one who has come and is to come". The seasonal fast announcing Christmas or the birth of Jesus is called Advent fast. And we hope joyfully and prepare spiritually for the arriving one.

(The English word **Advent** comes from Latin *'adventus'* meaning arrival. The verbal root is *ad+venire* = to come).

A New Homely Practice of Light and Hope for Christmas:

Let me describe a little candle-light ritual that some of us have been practising for some years during the Advent lent. While writing this, I fondly remember my friend the late Fr. K.T. Philip (Mulanthuruthy) of blessed memory. Although I had started it, my own practice had been rather chequered because of my frequent travels. But when I shared it with Philip Achen, he took it up most seriously, and propagated it in his parishes, and meticulously practised it at home.

The ritual is as follows:

Take a suitable metal tray. Keep ready 24 small candles.

On the evening of 1st December, after family prayer, light one candle, and keep it standing in the upper corner of the tray. Read the first chapter from St. Luke's Gospel. After reading, put off the candle.

On the second day, light the first and second candles, and read chapter 2 from St. Luke. On the third day, light three candles and read the third chapter, and so on.

As we know, St. Luke's gospel has 24 chapters. The Advent fast ends in 24 days. On the Christmas Eve, all 24 candles together radiate light, and we have completed read-

ing the life-giving Gospel of Jesus from Annunciation to Ascension.

Adding a new candle every day means that light is gradually increasing like the rising sun at dawn. Our hope for the One who comes also becomes more and more intense. We are being gradually enlightened by this hope, and we celebrate the birth of Jesus Christ, the Light of the World, in the night of December 24-25 in the church.

Note:

- ☛ In the Orthodox tradition the liturgical day begins in the evening. One day is from 6 pm today to 6 pm the next day. Monday, for example, begins on Sunday evening at 6 pm. So you may also begin the practice on the evening of 30th November.
- ☛ Small children enjoy lighting up candles. So better use very small candles. If we use big candles there will be too many big flames and, of course, the risk of fire.
- ☛ When earlier candles burn out during the long period we may replace them with new ones
- ☛ In case you miss one or two days, don't give up. Fill up the gaps and continue.
- ☛ Light is always welcome in the most desperate of situations. ◎

Values

David Mathew



Quientessence of Life That can save the world

A few days ago I chanced upon a clipping, wherein Ms.Branda Bays was narrating a letter from Professor Albert Einstein to his daughter Lieserl, written in the year 1938. The professor in his wisdom asked his daughter to hold on to the letter because he thought humanity was not yet ready for it. Lieserl finally released it in 1980.

Einstein's message is most relevant and appropriate for the present time, when the world is reeling under conflicts and confrontations, fear and distrust, arrogance and aggression, discrimination and oppression, terror and hatred, disease and death. Does the scientist have a solution for our problems, a formula for peace and progress? Let us search through the letter which reads:

When I proposed the theory of relativity, very few understood me, and what I will reveal now to transmit to mankind, will also collide with this misunderstanding and prejudice in the world. I ask you to guard this letter as long as is necessary - years, decades - until society is advanced enough to accept what I will explain below.

There is an extremely powerful force that so far science has not found a formal explanation to. It is the force that includes and governs all others, and is even behind any phenomenon operating in the universe and has not yet been identified by us. This universal force is 'love'!

When scientists looked for a unified theory of the universe, they forgot this most powerful unseen force. Love is light that enlightens those who give and receive it. Love is gravity, because it makes some people feel attracted to others. Love is power, because it multiplies the best we have, and allows humanity not to be extinguished in their blind selfishness. Love unfolds and reveals. For love we live and die. Love is God, and God is love. This force explains everything and gives meaning to life.

This is the variable that we have ignored for too long, may be because we are afraid of love, because it is the only energy in the universe that man has not learnt to drive at will. To give this ability to love I made a simple substitution of my most famous equation; if instead of $E=MC^2$, we accept that the energy to heal the world can be obtained through love multiplied by the speed of $Light^2$, we arrive at the conclusion that love is the most powerful force there is, because it has no limits. After the failure of humanity in the use and control of the other forces of the universe that have turned against us, it is urgent that we

(Contd. on page 30)

Let's Listen

Mrs. A. Lukose

Do you WANT *to be* HEALED?



Scripture tells us that the prayer of faith will heal the sick. Yet all of us can doubtless recall times when we prayed for healing, and it didn't occur. Does that mean that God is not listening? Or, does it mean that our faith is weak, or our prayers are not fervent enough? I think not, but I also think it is fruitless to try to find an answer to why some are healed while some others are not. Much of what happens during our earthly journey will remain a mystery to us until we get to the risen life.

I don't think we can say that our prayers are wasted; although prayer may not change a situation or give us the miracle we want, it can and does change us. Through prayer we become more aware of God's presence; we find inner resources and strength we didn't know we had. Through prayer we are not facing our fear and pain, alone; God is beside us, renewing our spirit, restoring our soul, and helping us to carry the burdens when they become too heavy for us to bear alone.

One thing we definitely know: God does not deliberately send tragedy and suffering upon us, but allows them. Not once in the Gospels does Jesus say that God sends tragedy either to test us or to punish us. Though the blocks that prevent full healing are many and mysterious, the Bible makes it clear that God is always on the side of healing and reconciliation. A man who is cured by a doctor will say that a particular doctor cured him. It is not wholly true, and most sensible doctors would agree to this view. Listen to Hippocrates, the famous Greek physician (BC 460-375): "I bound his wounds, but God healed him". The love and compassion of Jesus go out to the faithful who trust him and look up to him for healing. "Do you want to be healed?" We must have the courage to claim that God's love operates in specific situations of human need.

Miracles need two things to happen: First, the power of God to heal; faith by itself will not heal. Second, there must be an exercise of faith - if not by the sufferer, then by someone else for him.

Jesus's acts of healing had a variety of methods. He never healed a crowd of sufferers; each case was separate; sometimes he used a word, or a touch; or he used a material means like water or clay. Sometimes the cure was complete in a moment, or at times it was gradual. Take the case of the deaf and dumb man. The man not being receptive to verbal communication, Jesus puts his finger to his ear to make him understand what he is

doing; then he touches his own tongue to show him that he is dealing with his dumbness. He looks up to heaven - to show that the healing is done by His Father in Heaven. Then he speaks the word of power: 'Ephphatha' (Be opened); and the healing is complete!

"There are two ways to live. You can live as if nothing is a miracle; or you can live as if everything is a miracle" (Albert Einstein)

We must live in communion with Jesus and with people who are channels of His goodness. Also, learn to accept things of life which are dark, adverse, painful. Good people seem to accept sorrow without resentment and frustration, even wickedness without retaliation. In many cases suffering corrupts rather than purifies, demeans rather than ennobles. Yesterday's grace will not do for today; seek it day by day. Prayer is the exercise of drawing upon this grace.

Here is a definition of grace: *"It is the unhindered, wondrous, boundless love of God, poured upon us in an infinite variety of ways, without stint or measure, not according to our deserving, but according to His measureless heart of love, which passes knowledge - so unfathomable are its heights and depths."* ◎

(Contd. from page 27)

nourish ourselves with another kind of energy. If we want our species to survive, if we are to find meaning in life, if we want to save the world and every sentient being that inhabits it, love is the one and only answer.

Perhaps we are not yet ready to make a bomb of love, a device powerful enough to entirely destroy the hate, selfishness and greed that devastate the planet. However, each individual carries with him a small but powerful generator of love whose energy is waiting to be released. When we learn to give and receive this universal energy, dear Lieserl, we will have affirmed that love conquers all, is able to transcend everything and anything because love is the quintessence of life. I deeply regret not having been able to express what is in my heart which has been quietly beating for you all my life. May be it is too late to apologise, but as time is relative, I need to tell you that I love you, and thanks to you I have reached the ultimate answer.

Your father, Albert Einstein.

The genius who propounded his most famous equation $E=MC^2$, has derived for us another one, "the only unlimited energy in the universe that can heal the world." And that energy or force is, simply put, L-O-V-E.

Now, do we still want to wallow in the mire of fear and hatred, or do we have the courage to embrace love - something that the Prince of Peace told us long ago and we have long forgotten: "Love your enemies" (Mat. 5:44), "Love your neighbour" (Luke 10:27). This holy season shall we resolve to partake of and practise 'the love that came down at Christmas'? For, "the greatest of these'' (1 Cor. 13:13), and the quintessence of life, is LOVE. ◎

Dr. Annie David





We are familiar with the Christian hymn which starts with the line *'Love came down at Christmas,'* aren't we? But have we ever wondered what it has meant to us? God the Father, when He sent His son to be born on earth as an ordinary human baby, knew very well that His son was to suffer a shameful death on the cross for the salvation of the human race. Could there have been a greater love than this - to send a beloved son here knowingly to suffer and to die for us? The baby Jesus was the very incarnation of love. We rejoice at Christmas, we adore and we worship the divine baby lying in the manger. But often we are blind to the love and the sacrifice symbolised by the babe in the manger. We see his divinity, but not his love. This means that we are missing out badly on half of the message of Christmas.

What should this half of the Christmas message mean to us? We think of Christmas as a festival to be celebrated. There is a general air of celebrations everywhere; and the general spirit of it is one of joy. Yes, Christmas *is* a time for celebrations, and a time to be joyful. But we cannot take it for granted that everybody is *celebrating,* and everybody is *joyful*; there could be many for whom Christmas is a very different sort of experience - far from a celebration or a happy time; it could be a time of misery and suffering. The cause for this could be different from person to person. But the fact remains that there are many who are far from being happy at Christmas.

We have to remember that Christmas is also a festival of love and sacrifice. If we open our eyes and look around, it will not be difficult for us to see someone in our own neighbourhood, who is suffering in some way. Whatever be the reason for his suffering, there should be some way in which it could be alleviated to some extent - by doing something which could give him, in however humble a way, a little of the joy of Christmas; our joy at Christmas could become a little fuller this way. We miss out badly on the true spirit of Christmas, if it is a time of celebrations for ourselves alone - unless we do something to extend our joy to someone who is joyless for some reason.

Let us remember that Christmas is also a time for love, for caring and sharing. Without these, Christmas would lose its right spirit, the spirit embodied by the babe in the manger of a little cattle-shed in Bethlehem - God's own son having come down to the earth to take human form, in order to suffer and to die for humanity, so that humanity may be saved and reunited to God, the Creator and the Sustainer. Christmas would fail to be Christmas if we lost sight of this vision. Wishing everyone a Blessed Christmas and a Happy New Year! ◎

December Dews

Dr. Molly Joseph



Oh My December

Oh, my December!
the cold nip in the air...
the cool December morns arrive
before the calendar dates...
December...
the month of promise...

Oh, my December!
let it snow...
cooling minds,
thoughts...

Oh, my December!
cool December,
teach me meanings...
of waiting,
of valence
of the high,
and the low...

how to grow big
is to grow small

how heavens bend down
to touch the earth....



Reflections

Leela Kuruvilla

Friendship & Relationship



When we are born we are alone, and when we die we are alone, but during the interim period which is our life-time, we have friendships and relationships. Both these words appear similar, but as we go deeper we find that they are not so similar. Whether it is a friendship or a relationship, all bonds are built on mutual trust. Without 'trust' there is neither friendship nor relationship.

First let us have a look at 'love' and 'friendship'; there is a subtle difference between the two. Martin Luther King once said, "Love is the only force capable of transforming an enemy into a friend." Added to this I would say, love has expectations attached. You need closeness, you want physical expressions, you expect respect, etc. The list can go on, depending on the persons involved.

A strong friendship does not need closeness, or daily conversations, or frequent togetherness. When you give your whole heart to some loved ones, they may break it; but when you give your broken heart to a true friend, he/she will make it whole.

To a true friend you can tell anything and everything, in whatever style you want; but to a lover or even the spouse you have to think twice before you speak, or else, you will be misunderstood or misjudged. It is easier to turn friendship into love than to turn love into friendship. Let us strive to blend both by keeping the lamp of friendship burning with the oil of love.


Now, coming to relationship, our greatest asset in life is not our bank balance or job status or family name or children's position! The greatest asset in life is good relationships. Many studies have shown that those who maintain good relationships lead a longer and happier life. Relationships are built upon giving, sharing and helping. You are free to move out of a toxic relationship. You don't even have to explain to anyone why you moved away from an unhealthy relationship. A good relationship is, no doubt, built upon real trust and mutual respect or concern. It Is not based on tolerance or compromise. In some relationships, we may have to tolerate much in the hope of keeping it going. But before long it may collapse!

To conclude, love is the first step; it may be an infatuation first, but nurture it well and develop it into a friendship. As the friendship becomes a good relationship, it is not physical proximity but mental closeness that binds it; you are free to point out each other's flaws and strengths, and it is accepted.

Man is a social being; so we have to maintain good relationships with our fellow beings and with our society; and above all, we have to maintain true love, friendship and relationship with God Almighty, as well. ◎

Last Page
M.G. Kuruvilla

LIVE WITH CORONA... LIVE WITH SIN...



As we are leaving 2020 and entering 2021, we have learnt to "Live with Corona", which basically means "to follow the Covid Protocol- mask, social distancing, avoiding avoidable outings, etc. "Corona is everywhere and we are bound to live with it. In order to avoid infection, we are observing the norms, but still there is no guarantee. In the meantime, our fear of Corona has come down, and this is the stage at which we say, we live with Corona. Although it is somewhere near us, we try our best to keep away.

This is almost the same case with "Sin", but when I say, "Live with Sin", it can be a bit misleading because we believe sin is something which we can control, unlike Corona which can catch us unawares at any time.

Actually can we control sin or overcome the force of temptations? We hope to do so, but when the fruits of sin keep luring us we yield. And when we indulge in sin, we justify our action by telling that we are not hurting anyone or that all others are doing almost the same thing.

We know we are living in a world of sin. More and more stories of sin or sinful crimes are coming out every day. It is not that more people have become sinners all on a sudden, but that the media is capable of and interested in bringing out more of it, for reasons best known to them, except of course that it is not for correcting the society.

After reading such news, we exclaim, "How can we live in this world?", but we do live and we have to live in this world. In other words we are reaching a compromise- "Live with Sin", even though it may not be our sin but that of others.

In this context let us turn to St. Paul... In 1 Corinthians Chapter 5, he writes "...no company with sinners..." (vs.9); "...not the sinners of the world... ...for then you will have to go out of the world..." (vs.10); "...if your brother is a sinner, keep away from him..." (vs.11). This implies that we cannot clean the world beyond a certain limit, but we can keep away from the immediate influx or influence of sin.

The epistle of James adds to this: "Pure religion... is... to keep oneself unspotted from the world" (James 1:27). The Malayalam translation gives a better impression- "to keep ourselves pure and spotless by avoiding the blemishes of the world."

Just as we live with Corona, we will have to live with sin as well, as long as we are in this world. Just like the virus Corona, the scourge of sin is all around us. We strive to protect ourselves, steering clear of the evil; but is that all that is expected of us? We will have to answer the question that was put to Cain: "Where is your brother?"

In this holy season and the New Year, let us resolve to do our part in helping our brethren (in fact, the society around us) who are exposed to and affected by the curse of sin- to love them, and to show them the way to redemption and salvation. Let our motto in 2021 be to live and let live a "spotless" life.

"HAPPY CHRISTMAS &
A BLESSED NEW YEAR TO ALL" ◎

December 2020/Church Weekly/RNI No. 3216/57
Registered No. KL/ALY/0029/2018-20
Licence No. KL/CR/ALU/WPP-01/2018-20
Licenced to Post Without Prepayment.

Price : Rs. 10/-
Vol.74
Issue 12
Date of Publication : 15/12/2020

Printed by KURUVILLA M. GEORGE, published by KURUVILLA M. GEORGE on behalf of the Alwaye Fellowship House Association, Aluva – 683102 and printed at the Alwaye Press, Friendship House, Aluva – 683101 and published at the Alwaye Fellowship House, U.C. College P.O., Aluva - 683102. Editor: KURUVILLA M. GEORGE